സമഗ്ര ചോദ്യോത്തരങ്ങൾ

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-AT

**Chapter:**

കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം

**Subtitle:**

Select

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

ലക്ഷ്മണനെ കോപത്തിനടിമയാക്കിയ ചേതോവികാരം എന്ത്?

എ അച്ഛനോടുള്ള വാശി , ബി ജ്യേഷ്ഠനോടുള്ള സ്നേഹം സി കർത്തവ്യബോധം ഡി. രാജ്യസ്നേഹം

**Hint:**ബി ജ്യേഷ്ഠനോടുള്ള സ്നേഹം

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

"ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്ക്

നില്ക്കുമോ യൗവനവും പുനരധ്രുവം?

അധ്രുവം എന്ന പദം കാവ്യസന്ദർഭത്തിന നൽകുന്ന അർത്ഥമെന്ത്?

(ചപലം, അചലം, ചഞ്ചലം,അചഞ്ചലം)

**Hint:**

പദത്തിന്റെ അർത്ഥം തിരിച്ചറിഞ്ഞിട്ടുണ്ട്

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(6)*

**Quest:**

- ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ.

  കഷ്ടകാലത്തിങ്കലില്ലെന്ന നിർണയം.

- പാദപഫലം പഴക്കുംമുമ്പേ ഭുജിച്ചീടിൽ.

  സ്വാദുമില്ലല്ലോ പിന്നെ വിത്തുമില്ലാതെ വരും.

- സുഖദുഃഖങ്ങളിടതുടരെക്കുടെക്കുടെ

  സകല ജന്തുക്കൾക്കുമുണ്ടെന്നു ധരിച്ചാലും. (എഴുത്തച്ഛൻ)

-ഈ വരികളും 'ലക്ഷ്മണസാന്ത്വന'ത്തിലെ ആശയങ്ങളും പരിഗണിച്ച് 'എഴുത്തച്ഛൻകവിതയിലെ തത്ത്വചിന്ത' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം തയാറാക്കുക.

സൂചന:-

പാദപഫലം-വൃക്ഷത്തിന്റെ ഫലം

ഇടതുടരെ-തുടർച്ചയായ്

മൂല്യനിർണയ സൂചകങ്ങൾ

**Hint:**

- വരികളിലെ തത്ത്വചിന്ത ഉൾക്കൊണ്ടിട്ടുണ്ട്. (2)
- പാഠഭാഗത്തുനിന്നു കൂടുതൽ ആശയം ഉൾപ്പെടുത്തിയിട്ടുണ്ട്.(1)
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമീകരിച്ച് പ്രഭാഷണം തയാറാക്കിയിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(4)*

**Quest:**

"ഭോഗത്തിലല്ല, ത്യാഗത്തിലാണ് സ്നേഹത്തിന്റെ പരിപൂർണത. "

ഈ വരിയിലെ ആശയവുമായി ഏറ്റവും യോജിക്കുന്ന വരികൾ കണ്ടെത്തി

എഴുതുക.

- സ്നേഹത്തിൽ നിന്നില്ലല്ലോ മറ്റൊന്നും ലഭിച്ചീടാൻ

  സ്നേഹത്തിൻ ഫലം സ്നേഹം ജ്ഞാനത്തിൽ ഫലം ജ്ഞാനം
- സ്നേഹമാണഖിലസാരമൂഴിയിൽ
- സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ

  സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും
- സ്നേഹിക്കയുണ്ണീ നീ നിന്നെ

  ദ്രോഹിക്കുന്ന ജനത്തെയും

**Hint:**

യോജിച്ച വരികൾ കണ്ടെത്തിയിട്ടുണ്ട്. (2)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(6)*

**Quest:**

- വിദ്യകൊണ്ടറിയേണ്ടതറിയാതെ

  വിദ്വാനെന്നു നടിക്കുന്നിതു ചിലർ.

(ജ്ഞാനപ്പാന-പൂന്താനം)

- കുട്ടിയിലും മുതിർന്നവരിലുമുള്ള ശാരീരികവും മാനസികവും ആധ്യാത്മികവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം. (ഗാന്ധിജി)
- സംസാരകാരിണിയായതവിദ്യയും

  സംസാരനാശിനിയായതു വിദ്യയും.

(അധ്യാത്മരാമായണം കിളിപ്പാട്ട്-എഴുത്തച്ഛൻ )

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെക്കുറിച്ചുള്ള മഹാത്മാക്കളുടെ ചിന്തകളാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ മേൽകൊടുത്തിരിക്കുന്ന ചിന്തകളുമായി ബന്ധിപ്പിച്ച് 'വിദ്യാഭ്യാസം ലക്ഷ്യവും മാർഗവും' എന്ന ശീർഷകത്തിൽ ലഘൂപന്യാസം തയാറാക്കുക.

**Hint:**

- നൽകിയ സൂചനകളുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- വിദ്യാഭ്യാസരംഗത്തെ ആനുകാലികസ്ഥിതി കണ്ടെത്തിയിട്ടുണ്ട്. (2)
- സ്വന്തം നിഗമനങ്ങൾ രൂപീകരിപ്പിച്ചിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമമായി അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(4)*

**Quest:**

വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം

മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ

നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നതു

മുന്നമേ ഞാനെടോ, നിന്നുള്ളിലെപ്പൊഴും

എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും

നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും....

കോപാന്ധനായ ലക്ഷ്മണനെ സമചിത്തനാക്കുന്നതിന് മനശ്ശാസ്ത്രപരമായ സമീപനമാണ് ശ്രീരാമൻ സ്വീകരിക്കുന്നത്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? തന്നിരിക്കുന്ന ഭാഗം വിശകലനം ചെയ്ത് സ്വാഭിപ്രായം സമർഥിക്കുക.

**Hint:**

- കാവ്യസന്ദർഭത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)
- മനശ്ശാസ്ത്രപരമായ സമീപനം തിരിച്ചറിഞ്ഞിട്ടുണ്ട് (2)
- പ്രസ്താവനയോട് യുക്തിപൂർവം പ്രതികരിച്ചിട്ടുണ്ട് (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

'ധർമ്മക്ഷയകരം' വിഗ്രഹിച്ചെഴുതുന്നതെങ്ങനെ?

- ധർമ്മവും ക്ഷയകരവും
- ധർമ്മവും ക്ഷയവും
- ധർമ്മത്തിന് ക്ഷയകരം

- ധർമ്മത്തിന്റെ ക്ഷയകരം

**Hint:**

വിഗ്രഹാർത്ഥം കണ്ടെത്തിയിട്ടുണ്ട്

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

മാതാപിതൃഭ്രാതൃമിത്രസഖികൾ- മാതാവ്,പിതാവ്,ഭ്രാതാവ്, മിത്രം, സഖി എന്ന് ഘടകപദങ്ങളാക്കാം.

ഇതുപോലെ 'ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസ്സ്' എന്നതിനെ ഘടകപദങ്ങളാക്കുന്നത് എങ്ങനെ? (സ്കോർ 1 )

**Hint:**

ശരിയുത്തരം കണ്ടെത്തിയിട്ടുണ്ട്.

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

പാന്ഥർ **<u>പെരുവഴിയമ്പലം</u>** തന്നിലേ

അടിവരയിട്ട പദത്തിന് ഏറ്റവും ഉചിതമായ അർഥം ഏത്?

- പെരുവഴിയിലെ അമ്പലം
- സത്രം
- സങ്കേതം
- പെരിയ അമ്പലം

**Hint:**

ശരിയുത്തരം കണ്ടെത്തിയിട്ടുണ്ട്

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(4)*

**Quest:**

ഗഹനമായ ആശയത്തെ ഉദാഹരണങ്ങളിലൂടെ ലളിതമാക്കുക' എന്നതാണ് എഴുത്തച്ഛന്റെ

കാവ്യരചനാരീതി.'

താഴെ നൽകിയിരിക്കുന്ന സൂചനകൾകൂടി പരിഗണിച്ച് പ്രസ്താവനയോടു പ്രതികരിക്കുക

സൂചനകൾ

-ചുട്ടുപഴുത്ത ലോഹത്തകിടിൽ പതിച്ച ജലബിന്ദുപോലെയാണ് മനുഷ്യജീവിതം

-പാമ്പിന്റെ വായിലകപ്പെട്ട തവള ഭക്ഷണത്തിന് അപേക്ഷിക്കുന്നതുപോലെ മനുഷ്യർ

സുഖങ്ങൾ തേടി അലയുന്നു.

**Hint:**

പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (2)

ഉദാഹരണസഹിതം പ്രസ്താവനയോടു പരിഗണിച്ചിട്ടുണ്ട്. (2)

**Chapter Name:കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം** *Marks :(6)*

**Quest:**

നിറന്ന പീലികൾ നിരക്കവേ കുത്തി

നെറുകയിൽക്കൂട്ടി തിറമൊടു കെട്ടി

കരിമുകിലൊത്ത ചികുരഭാരവും

മണികൾ മിന്നിടും മണിക്കിരീടവും

കുനുകുനെച്ചിന്നും കുറുനിരതന്മേൽ

നനുനനെപ്പൊടിഞ്ഞൊരുപൊടിപറ്റി

തിലകവുമൊട്ട് വിയർപ്പിനാൽ നന-

ഞ്ഞുലക് സൃഷ്ടിച്ച് ഭരിച്ച് സംഹരി-

ച്ചിളകുന്ന ചില്ലിയുഗളഭംഗിയും.

(പാർത്ഥസാരഥീവർണന-എഴുത്തച്ഛൻ)

ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം

ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ

കാലാഹിനാ പരിഗ്രസ്തമാം ലോകവു-

മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.

( ലക്ഷ്മണസാന്ത്വനം- എഴുത്തച്ഛൻ)

അവതരിപ്പിക്കുന്ന വിഷയത്തിന്റെ സ്വഭാവത്തിനനുസരിച്ച് ഭാഷയ്ക്കും മാറ്റം വരുന്നു എന്നത്

എഴുത്തച്ഛന്റെ പ്രത്യേകതയാണ്.

തന്നിരിക്കുന്ന കാവ്യഭാഗങ്ങളും കൂടുതൽ സന്ദർഭങ്ങളും പ്രയോജനപ്പെടുത്തി 'എഴുത്തച്ഛന്റെ ഭാഷ'എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഉപന്യാസം തയാറാക്കുക.

**Hint:**

- വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. (2)
- ആശയവുമായി ബന്ധപ്പെട്ട കൂടുതൽ സൂചനകൾ കണ്ടെത്തിയിട്ടുണ്ട്.(1)
- ഭാഷാപരമായ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ലളിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം** *Marks :(6)*

**Quest:**

" ദേഹാഭിമാനം നിമിത്തമായുണ്ടായ

മോഹേന ലോകം ദഹിപ്പിപ്പതിന്നു നീ

മാനസതാരിൽ നിരൂപിച്ചതും തവ

ജ്ഞാനമില്ലായ്കെന്നറിക നീ ലക്ഷ്മണാ!"

"ക്രോധമല്ലോ നിജ ധർമ്മക്ഷയകരം

ക്രോധം പരിത്യജിക്കേണം ബുധജനം"

തന്നിരിക്കുന്ന സൂചനകളും 'ലക്ഷ്മണസാന്ത്വനം' എന്ന പദ്യഭാഗത്തിന്റെ ആശയങ്ങളും, ആനുകാലികസാഹചര്യങ്ങളും പരിഗണിച്ച് 'ജീവിതവിജയത്തിന്റെ അടിസ്ഥാനം വികാരമല്ല വിചാരമാണ് ' എന്ന ആശയത്തെ മുൻനിർത്തി പ്രഭാഷണം തയാറാക്കുക

**Hint:**

- വരികളിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- പാഠഭാഗത്തുനിന്നും കൂടുതൽ സൂചനകൾ കണ്ടെത്തിയിട്ടുണ്ട്. (1)
- ആനുകാലികാവസ്ഥകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- ഘടന പാലിച്ച് പ്രഭാഷണം തയാറാക്കിയിട്ടുണ്ട്. (1)

**Chapter Name:** കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(2)*

**Quest:**

"എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും

മണ്ടിമണ്ടിക്കരേറുന്ന മോഹവും."

(ജ്ഞാനപ്പാന-പൂന്താനം)

" കാലാഹിനാ പരിഗ്രസ്തമാം ലോകവു-

മാലോലചേതസാ ഭോഗങ്ങൾ തേടുന്നു."

(അധ്യാത്മരാമായണം-എഴുത്തച്ഛൻ)

സൂചനകൾ വിശകലനം ചെയ്ത് ഇരുകവികളും ആവിഷ്കരിച്ചിരിക്കുന്ന കാഴ്ചപ്പാടുകളുടെ

സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

**Hint:**

- വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. (2)
- ആവിഷ്കാരരീതിയുടെ സവിശേഷതകൾ വിശകലനം ചെയ്തിട്ടുണ്ട്.(2)
- സ്വന്തം നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. (2)

**Chapter Name:** കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

മാനസതാര് ' എന്ന പദം വിഗ്രഹിക്കുമ്പോൾ

- മനസ്സും താരും
- മനസിന്റെ താര്
- മനസാകുന്ന താര്
- മനസിലെ താര്

**Hint:**

-ശരിയായ രൂപം കണ്ടെത്തിയിട്ടുണ്ട്.

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(4)*

**Quest:**

"വിദ്യകൊണ്ടറിയേണ്ടതറിയാതെ

വിദ്വാനെന്നു നടിക്കുന്നിതു ചിലർ."

(ജ്ഞാനപ്പാന-പൂന്താനം)

"സംസാരകാരിണിയായതവിദ്യയും

സംസാരനാശിനിയായതു വിദ്യയും."

(അധ്യാത്മരാമായണം-എഴുത്തച്ഛൻ)

വിദ്യയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള കവികളുടെ നിലപാടുകൾ താരതമ്യം ചെയ്ത് കുറിപ്പു

തയാറാക്കുക.

**Hint:**

- വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. (2)
- ആശയം വിശകലനം ചെയ്തിട്ടുണ്ട്. (1)
- സ്വന്തം നിരീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട്.(1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

മാതാപിതൃഭ്രാതൃമിത്രസഖികൾ- മാതാവ്,പിതാവ്,ഭ്രാതാവ്, മിത്രം, സഖി എന്ന് ഘടകപദങ്ങളാക്കാം.

ഇതുപോലെ 'ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസ്സ്' ഘടകപദങ്ങളാക്കുന്നതെങ്ങനെ?

**Hint:**

ശരിയുത്തരം കണ്ടെത്തിയിട്ടുണ്ട്. (1 )

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

'രാഗാദിസങ്കുലമായുള്ള സംസാരം'

താഴെ തന്നിരിക്കുന്നവയിൽ രാഗാദികളിൽ ഉൾപ്പെടാത്തത് ഏത്?

- കാമം
- ക്രോധം
- കാരുണ്യം
- മത്സരം

**Hint:**

ശരിയുത്തരം കണ്ടെത്തിയിട്ടുണ്ട്(കാരുണ്യം) ( 1 )

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(6)*

**Quest:**

"എന്റെ സർവസ്വവും ഭാരതമാതാവിന്റെ പാദങ്ങളിൽ അർപ്പിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു. അടിമത്തശൃംഖലകൾ പൊട്ടിക്കുവാൻ എന്റെ സർവശക്തിയും ഞാൻ ദാനം ചെയ്യുന്നു. ഉടൻതന്നെ ഞാൻ അറസ്റ്റുവരിക്കും. "

(അമ്മ-ബഷീർ)

നാട്ടിലില്ല

വീട്ടിലില്ല, റോട്ടിലില്ല

നാലാൾ കൂടുന്നിടത്ത് നിലവിലില്ല

അച്ഛനോടൊപ്പം വയലിലില്ല

അമ്മയോടൊപ്പം ആശുപത്രിയിലില്ല

മരണവീടിന്റെ മൗനത്തിലില്ല

കല്യാണവീട്ടിൽ മഹനീയ സാന്നിധ്യമില്ല

പാർട്ടിയിലില്ല

ജാഥയിലില്ല

പ്രത്യയശാസ്ത്രത്തിലില്ല

വായനശാലയുടെ പരിസരത്ത്

പൊടിപോലുമില്ല.

പ്രിയപ്പെട്ട യുവാവേ,

നീ എവിടെയാണ് ഒളിച്ചിരിക്കുന്നത്?

നിന്നെ കാണാൻ കൊതിയാവുന്നു.

സത്യമായും.

(അഭാവങ്ങൾ- സോമൻ കടലൂർ)

കഥയിലും കവിതയിലും ആവിഷ്കരിച്ചിരിക്കുന്ന യുവാക്കളെക്കുറിച്ചുള്ള ചിത്രങ്ങൾ വിശകലനം ചെയ്ത് 'യുവാക്കളും സാമൂഹ്യപ്രതിബദ്ധതയും' എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.

**Hint:**

തന്നിരിക്കുന്ന രചനാഭാഗങ്ങളുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്.(2 )

-വിഷയവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്തിട്ടുണ്ട് (2)

-നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

ഉചിതമായ ഭാഷ. ഘടന പാലിച്ചിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(4)*

**Quest:**

വിപ്ലവകാരികൾ, അരാജക കക്ഷിക്കാർ, സോഷ്യലിസ്റ്റുകൾ, കമ്മ്യൂണിസ്റ്റുകാർ അങ്ങനെ പലപല ആൾക്കാർ. എല്ലാവരുടെയും ലക്ഷ്യം ഇന്ത്യയുടെ സ്വാതന്ത്ര്യം.'

ജയിലിലുള്ള സ്വാതന്ത്ര്യസമരസേനാനികളെ ബഷീർ ഇങ്ങനെയാണ് വിലയിരുത്തുന്നത്.

ബഷീറിന്റെ ഈ വാക്കുകൾ നമ്മുടെ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം? കുറിക്കുക

**Hint:**

- കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- സൂചനകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(2)*

**Quest:**

മനസ്സിനെയും ശരീരത്തെയും വീർപ്പുമുട്ടിക്കുന്ന ഉന്നതപ്രാകാരങ്ങളോടുകൂടിയ ഒരു ഭയങ്കര കാരാഗാരമാണ് ഇന്ത്യ! (അമ്മ)

മാതൃരാജ്യത്തെ ഇങ്ങനെ വിശേഷിപ്പിച്ചതെന്തു കൊണ്ടാവും ? നിരീക്ഷണങ്ങൾ കുറിക്കുക

**Hint:**

നിരീക്ഷണങ്ങൾ കുറിച്ചിട്ടുണ്ട് (2)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(4)*

**Quest:**

"ഓ... ചോറും കറിയും വെച്ച് എല്ലാ രാത്രിയും ഞാൻ കാത്തിരിക്കും." (അമ്മ)

"ഒന്നുമില്ലെങ്കിൽ എല്ലാറ്റിനുമുപരിയായി നല്ല കുറേ ഓർമ്മകളെങ്കിലും നമ്മോടുകൂടി

ഉണ്ടാവുമല്ലോ. ഓർമ്മകൾ അതു മാത്രമേ വാർധക്യത്തിനവകാശപ്പെട്ടതായുള്ളൂ സുധീർ. "

(വിശ്വരൂപം)

രണ്ടു കഥകളിലെയും അമ്മമാരുടെ ജീവിതാവസ്ഥകൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

**Hint:**

- സന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ( 1)
- അമ്മമാരുടെ ജീവിതാവസ്ഥകൾ താരതമ്യംചെയ്തിട്ടുണ്ട്.(1)
- സ്വന്തം നിരീക്ഷണങ്ങൾ സമർഥിച്ചിട്ടുണ്ട്. (2)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(4)*

**Quest:**

"എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതുപോലെ ഭാരതവും എന്നെ

പ്രതീക്ഷിക്കുന്നില്ലേ?ഭാരതഭൂമി മരിച്ച എന്നെയും എന്നെ പ്രസവിച്ച എന്റെ അമ്മ

ജീവിച്ചിരിക്കുന്ന എന്നെയും."

ഈ വരികൾ നൽകുന്ന അർത്ഥസൂചനകൾ എന്തെല്ലാം? വിശദമാക്കുക

**Hint:**

സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

അർത്ഥസൂചനകൾ കണ്ടെത്തിയിട്ടുണ്ട്. (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

"ഉമ്മാ, ഞാൻ ഗാന്ധിയെ തൊട്ടു!"

ഈ വാക്യത്തിൽ പ്രകടമാകുന്ന ഭാവമേത്?

( ധൈര്യം, അഭിമാനം, ആശങ്ക, കുറ്റബോധം)

**Hint:**

ഉചിതഭാവം കണ്ടെത്തിയിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(4)*

**Quest:**

ഗഹനമായ ആശയത്തെ ഉദാഹരണങ്ങളിലൂടെ ലളിതമാക്കുക' എന്നതാണ് എഴുത്തച്ഛന്റെ

കാവ്യരചനാരീതി.'

താഴെ നൽകിയിരിക്കുന്ന സൂചനകൾ വിശകലനം ചെയ്ത് പ്രസ്താവന വിലയിരുത്തുക

-ചുട്ടുപഴുത്ത ലോഹത്തകിടിൽ പതിച്ച ജലബിന്ദുപോലെ ക്ഷണികമാണ് മനുഷ്യജീവിതം

-പാമ്പിന്റെ വായിലകപ്പെട്ട തവള ഭക്ഷണത്തിന് അപേക്ഷിക്കുന്നതുപോലെ മനുഷ്യർ

സുഖങ്ങൾ തേടി അലയുന്നു.

**Hint:**

പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (2)

ഉദാഹരണസഹിതം പ്രസ്താവനയോടു പരിഗണിച്ചിട്ടുണ്ട്. (2)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

ആഷാഢമാസത്തിൽ കാർമേഘങ്ങൾ ഉയർന്നുവരുന്നത് കുന്നിന്മേൽക്കുരുപോലെയായി.

അടിവരയിട്ട ശൈലിയുടെ അർഥവുമായി ഏറ്റവും യോജിക്കുന്ന ശൈലി കണ്ടെത്തി എഴുതുക.

എ)നാടോടുമ്പോൾ നടുവെ ഓടുക

ബി) തേടിയ വള്ളി കാലിൽ ചുറ്റി

സി) ഇടിവെട്ടിയവനെ പാമ്പുകടിക്കുക

ഡി)തീക്കൊള്ളികൊണ്ട് തല ചൊറിയുക

**Hint:**

ശരിയുത്തരം കണ്ടെത്തിയിട്ടുണ്ട് (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(6)*

**Quest:**

നിറന്ന പീലികൾ നിരക്കവേ കുത്തി

നെറുകയിൽക്കൂട്ടി തിറമൊട്ടു കെട്ടി

കരിമുകിലൊത്ത ചികുരഭാരവും

മണികൾ മിന്നിടും മണിക്കിരീടവും

കുനകനെച്ചിന്നും കുറുനിരതന്മേൽ

നനുനനെപ്പൊടിഞ്ഞൊരുപൊടിപറ്റി

തിലകവുമൊട്ട് വിയർപ്പിനാൽ നന-

ഞ്ഞുലകുസൃഷ്ടിച്ചു ഭരിച്ചുസംഹരി-

ച്ചിളകുന്ന ചില്ലിയുഗളഭംഗിയും.

(പാർത്ഥസാരഥീവർണന-എഴുത്തച്ഛൻ)

ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം

ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ

കാലാഹിനാ പരിഗ്രസ്തമാം ലോകവു-

മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.

( ലക്ഷ്മണസാന്ത്വനം- എഴുത്തച്ഛൻ)

അവതരിപ്പിക്കുന്ന വിഷയത്തിന്റെ സ്വഭാവത്തിനനുസരിച്ച് ഭാഷയ്ക്കും മാറ്റം വരുന്നു എന്നത്

എഴുത്തച്ഛന്റെ പ്രത്യേകതയാണ്.

തന്നിരിക്കുന്ന കാവ്യഭാഗങ്ങളും കൂടുതൽ സന്ദർഭങ്ങളും പ്രയോജനപ്പെടുത്തി 'എഴുത്തച്ഛന്റെ ഭാഷ'എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഉപന്യാസം തയാറാക്കുക.

**Hint:**

- വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. (2)
- ആശയവുമായി ബന്ധപ്പെട്ട കൂടുതൽ സൂചനകൾ കണ്ടെത്തിയിട്ടുണ്ട്.(1)
- ഭാഷാപരമായ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(6)*

**Quest:**

' ദേഹാഭിമാനം നിമിത്തമായുണ്ടായ

മോഹേന ലോകം ദഹിപ്പിപ്പതിന്നു നീ

മാനസതാരിൽ നിരൂപിച്ചതും തവ

ജ്ഞാനമില്ലായ്കെന്നറിക നീ ലക്ഷ്മണാ!"

"ക്രോധമല്ലോ നിജ ധർമ്മക്ഷയകരം

ക്രോധം പരിത്യജിക്കേണം ബുധജനം"

തന്നിരിക്കുന്ന സൂചനകളും 'ലക്ഷ്മണസാന്ത്വനം' എന്ന പദ്യഭാഗത്തിന്റെ ആശയങ്ങളും, ആനുകാലികസാഹചര്യങ്ങളും പരിഗണിച്ച് 'ജീവിതവിജയത്തിന്റെ അടിസ്ഥാനം വികാരമല്ല വിചാരമാണ് ' എന്ന ആശയത്തെ മുൻനിർത്തി പ്രഭാഷണം തയാറാക്കുക

**Hint:**

- വരികളിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)
- പാഠഭാഗത്തുനിന്നും കൂടുതൽ സൂചനകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ആനുകാലികാവസ്ഥകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- ഘടന പാലിച്ച് പ്രഭാഷണം തയാറാക്കിയിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(6)*

**Quest:**

"എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും

മണ്ടിമണ്ടിക്കരേറുന്നു മോഹവും."

(ജ്ഞാനപ്പാന-പൂന്താനം)

" കാലാഹിനാ പരിഗ്രസ്തമാം ലോകവു-

മാലോലചേതസാ ഭോഗങ്ങൾ തേടുന്നു."

(അധ്യാത്മരാമായണം-എഴുത്തച്ഛൻ)

മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള ഇരുകവികളുടെയും വിമർശനങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം സമർഥിക്കുക

**Hint:**

- വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. (2)
- വിർശനങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്.(2)
- സ്വന്തം നിലപാട് സമർഥിച്ചിട്ടുണ്ട് (2)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

'മാനസതാര് ' എന്ന പദം വിഗ്രഹിക്കുമ്പോൾ

- മനസ്സും താരും

- മനസിന്റെ താര്
- മനസാകുന്ന താര്
- മനസിലെ താര്

**Hint:**
ശരിയായ രൂപം കണ്ടെത്തിയിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**
"ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്ക്

നില്ക്കുമോ യൗവനവും പുനരധ്രുവം?

അധ്രുവം എന്ന പദത്തിന്റെ കാവ്യസന്ദർഭത്തിലെ അർത്ഥമെന്ത്?

(ചപലം, അചലം, ചഞ്ചലം,അചഞ്ചലം)

**Hint:**
പദത്തിന്റെ അർത്ഥം തിരിച്ചറിഞ്ഞിട്ടുണ്ട് (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(6)*

**Quest:**
"വിദ്യകൊണ്ടറിയേണ്ടതറിയാതെ

വിദ്വാനെന്നു നടിക്കുന്നിതു ചിലർ."

(ജ്ഞാനപ്പാന-പൂന്താനം)

"സംസാരകാരിണിയായതവിദ്യയും

സംസാരനാശിനിയായതു വിദ്യയും."

(അധ്യാത്മരാമായണം-എഴുത്തച്ഛൻ)

വിദ്യയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള കവികളുടെ നിലപാടുകൾ താരതമ്യം ചെയ്ത് കുറിപ്പ്

തയാറാക്കുക.

**Hint:**
- വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. (2)
- നിലപാടുകൾ താരതമ്യം ചെയ്തിട്ടുണ്ട്. (2)
- സ്വന്തം നിരീക്ഷണം സമർഥിച്ചിട്ടുണ്ട്.(2)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

'ക്രോധമൂലം മനസ്താപമുണ്ടായ് വരും'

താഴെ തന്നിരിക്കുന്നവയിൽ ഈ വരികളുടെ ആശയവുമായി ബന്ധമില്ലാത്തതേത്?

- കോപത്തിൽ തുടങ്ങിയാൽ താപത്തിൽ തീരും.
- കോപം വരുമ്പോൾ നാമം ജപിക്കുക.
- ഒരു കോപം കൊണ്ട് അങ്ങോട്ടു ചാടിയാൽ ഇരുകോപം കൊണ്ടിങ്ങോട്ടു പോരാമോ?
- കോപമാകുന്നതു വിത്തെന്നറിയണം

  പാപമാകുന്ന മരാമരത്തിന്നെടോ.

**Hint:**

- ആശയവുമായി ബന്ധമില്ലാത്തതു കണ്ടെത്തിയിട്ടുണ്ട്

  (കോപം വരുമ്പോൾ നാമം ജപിക്കുക).

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(2)*

**Quest:**

- ഇന്ത്യയിലെ ദരിദ്രകോടികൾ കഞ്ഞിക്കും കറിക്കും ഉപയോഗിക്കുന്ന ഉപ്പിനുകൂടി വിദേശത്തുനിന്നു വലിഞ്ഞുകയറി ആധിപത്യമുറപ്പിച്ച ബ്രിട്ടീഷ് ഗവണ്മെന്റ് **കരം** ചുമത്തിയിരുന്നു.
- അതിഥിയെ ഗൃഹനാഥൻ **കരം** കൊടുത്തു സ്വീകരിച്ചു.

അടിവരയിട്ട പദത്തിന്റെ രണ്ടു സന്ദർഭങ്ങളിലെയും അർഥമൊന്നാണോ? കണ്ടെത്തി എഴുതുക.

**Hint:**

- അർഥവ്യത്യാസം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

എല്ലാം മറന്ന് ഞാൻ ഗാന്ധിജിയുടെ വലതുതോളിൽ പതുക്കെ ഒന്നു തൊട്ടു!

അടിവരയിട്ട പ്രയോഗം ശൈലിയായി ഉപയോഗിച്ചിരിക്കുന്ന വാക്യമേത്?

- സ്വാതന്ത്ര്യസമരകഥകൾ എല്ലാം മറന്നുപോയവരാണ് ഇന്നത്തെ പുതുതലമുറ.
- ഇന്നലെ ക്ലാസിൽ പാടിയ കവിതകൾ എല്ലാം മറന്നു.
- എല്ലാം മറക്കുന്നവർക്കു മാത്രമേ പൊറുക്കാനും കഴിയുകയുള്ളൂ.
- മനോഹരമായ ആ പാട്ട് ഞാൻ എല്ലാം മറന്നു കേട്ടുനിന്നു.

**Hint:**

ഉചിതമായ വാക്യം തിരിച്ചറിഞ്ഞിട്ടുണ്ട്.

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

"മേഘസന്ദേശത്തിലെ പ്രതിപാദ്യം <u>പ്രിയജനവിരഹം</u>കൊണ്ട് മനുഷ്യന്റെ മനസ്സിൽ ഉണ്ടാകുന്ന വെമ്പലും വേദനയുമാണ്."

അടിവരയിട്ട പദം വിഗ്രഹിച്ചെഴുതിയാൽ?

- പ്രിയജനവും വിരഹവും
- പ്രിയജനങ്ങളെക്കുറിച്ചുള്ള വിരഹം
- പ്രിയജനങ്ങളിലെ വിരഹം
- പ്രിയജനങ്ങളുടെ വിരഹം

**Hint:**

ശരിയായി വിഗ്രഹിച്ചെഴുതിയ പദം കണ്ടെത്തിയിട്ടുണ്ട്. (പ്രിയജനങ്ങളുടെ വിരഹം)(1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(6)*

**Quest:**

- ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ.

  കഷ്ടകാലത്തിങ്കലില്ലെന്നു നിർണയം.

- പാദപഫലം പഴുക്കുംമുമ്പേ ഭുജിച്ചീടിൽ.

  സ്വാദുമില്ലല്ലോ പിന്നെ വി<u>ത്തു</u>മില്ലാതെ വരും.

- സുഖദുഃഖങ്ങളിടതുടരെക്കൂടെക്കൂടെ

  സകല ജന്തുക്കൾക്കുമുണ്ടെന്നു ധരിച്ചാലും. (എഴുത്തച്ഛൻ)

-ഈ വരികളും 'ലക്ഷ്മണസാന്ത്വന'ത്തിലെ ആശയങ്ങളും പരിഗണിച്ച് 'എഴുത്തച്ഛൻകവിതയിലെ തത്ത്വചിന്ത' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം തയാറാക്കുക.

പാദപഫലം-വൃക്ഷത്തിന്റെ ഫലം

ഇടതുടരെ-തുടർച്ചയായ്

**Hint:**

- വരികളിലെ തത്ത്വചിന്ത ഉൾക്കൊണ്ടിട്ടുണ്ട്. (2)
- പാഠഭാഗ<u>ത്തു</u>നിന്നു കൂടുതൽ ആശയം ഉൾപ്പെടുത്തിയിട്ടുണ്ട്.(1)
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമീകരിച്ച് പ്രഭാഷണം തയാറാക്കിയിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

"ഭോഗത്തിലല്ല, ത്യാഗത്തിലാണ് സ്നേഹത്തിന്റെ പരിപൂർണത. "

ഈ വരിയിലെ ആശയവുമായി ഏറ്റവും യോജിക്കുന്ന വരികൾ  കണ്ടെത്തി

എഴുതുക.

- സ്നേഹത്തിൽ നിന്നില്ലല്ലോ മറ്റൊന്നും ലഭിച്ചീടാൻ

സ്നേഹത്തിൻ ഫലം സ്നേഹം ജ്ഞാനത്തിൽ ഫലം ജ്ഞാനം

- സ്നേഹമാണഖിലസാരമൂഴിയിൽ
- സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ

  സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും
- സ്നേഹിക്കയുണ്ണീ നീ നിന്നെ

  ദ്രോഹിക്കുന്ന ജനത്തെയും

**Hint:**
യോജിച്ച വരികൾ കണ്ടെത്തിയിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(6)*

**Quest:**

- വിദ്യകൊണ്ടറിയേണ്ടതറിയാതെ

  വിദ്വാനെന്നു നടിക്കുന്നിതു ചിലർ.

  (ജ്ഞാനപ്പാന-പൂന്താനം)
- കുട്ടിയിലും മുതിർന്നവരിലുമുള്ള ശാരീരികവും മാനസികവും ആധ്യാത്മികവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം. (ഗാന്ധിജി)
- സംസാരകാരിണിയായതവിദ്യയും

  സംസാരനാശിനിയായതു വിദ്യയും.

(അധ്യാത്മരാമായണം കിളിപ്പാട്ട്-എഴുത്തച്ഛൻ )

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെക്കുറിച്ചുള്ള മഹാത്മാക്കളുടെ ചിന്തകളാണ് മുകളിൽ നൽകിയിരിക്കുന്നത്. മേൽകൊടുത്തിരിക്കുന്നചിന്തകളുമായി ബന്ധിപ്പിച്ച് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ വിമർശനാത്മകമായി വിലയിരുത്തി 'വിദ്യാഭ്യാസം ലക്ഷ്യവും മാർഗവും' എന്ന ശീർഷകത്തിൽ ലഘൂപന്യാസം തയാറാക്കുക.

**Hint:**

- നൽകിയ സൂചനകളുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- വിദ്യാഭ്യാസരംഗത്തെ ആനുകാലികസ്ഥിതി കണ്ടെത്തിയിട്ടുണ്ട്. (2)
- സ്വന്തം നിഗമനങ്ങൾ രൂപീകരിപ്പിച്ചിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമമായി അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(6)*

**Quest:**
നീർപ്പോളപോലെയുള്ളൊരു ദേഹത്തിൽ

വീർപ്പു മാത്രമുണ്ടിങ്ങനെ കാണുന്നു

ഓർത്തിരിയാതെ പാടുപെടുന്നേരം

നേർത്തുപോകുമതെന്നേ പറയാവൂ.

(ജ്ഞാനപ്പാന-പൂന്താനം)

വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ

സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം

(അധ്യാത്മരാമായണം കിളിപ്പാട്ട്- എഴുത്തച്ഛൻ)

ഇരുകാവ്യഭാഗങ്ങളിലെയും ജീവിതദർശനം താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

- കാവ്യഭാഗങ്ങളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. (2)
- ജീവിതദർശനം താരതമ്യം ചെയ്തിട്ടുണ്ട്. (2)
- സ്വന്തം നിരീക്ഷണം യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (2)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(4)*

**Quest:**

വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം

മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ

നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നതു

മുന്നമേ ഞാനെടോ, നിന്നുള്ളിലെപ്പൊഴും

എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും

നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും....

കോപാന്ധനായ ലക്ഷ്മണനെ സമചിത്തനാക്കുന്നതിന് അങ്ങേയറ്റം മനശ്ശാസ്ത്രപരമായ സമീപനമാണ് ശ്രീരാമൻ സ്വീകരിക്കുന്നത്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? തന്നിരിക്കുന്ന ഭാഗം വിശകലനം ചെയ്ത് സ്വാഭിപ്രായം സമർഥിക്കുക.

**Hint:**

- കാവ്യസന്ദർഭത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)
- മനശ്ശാസ്ത്രപരമായ സമീപനം തിരിച്ചറിഞ്ഞിട്ടുണ്ട് (2)
- പ്രസ്താവനയോട് യുക്തിപൂർവം പ്രതികരിച്ചിട്ടുണ്ട് (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(1)*

**Quest:**

'ക്രോധമൂലം മനസ്താപമുണ്ടായ് വരും'

താഴെ തന്നിരിക്കുന്നവയിൽ ഈ വരികളുടെ ആശയവുമായി ബന്ധമില്ലാത്തതേത്?

- കോപത്തിൽ തുടങ്ങിയാൽ താപത്തിൽ തീരും.
- കോപം വരുമ്പോൾ നാമം ജപിക്കുക.
- ഒരു കോപം കൊണ്ട് അങ്ങോട്ടു ചാടിയാൽ ഇരുകോപം കൊണ്ടിങ്ങോട്ടു പോരാമോ?
- കോപമാകുന്നത് വിത്തെന്നറിയണം

  പാപമാകുന്ന മഹാമരത്തിന്നെടോ.

**Hint:**

- ആശയവുമായി ബന്ധമില്ലാത്തതു കണ്ടെത്തിയിട്ടുണ്ട് 1

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(8)*

**Quest:**

- ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ.

  കഷ്ടകാലത്തിങ്കലില്ലെന്നു നിർണയം.

- പാദപഫലം പഴുക്കുംമുമ്പേ ഭുജിച്ചീടിൽ.

  സ്വാദുമില്ലല്ലോ പിന്നെ വിത്തുമില്ലാതെ വരും.

- സുഖദുഃഖങ്ങളിടതുടരെക്കൂടെക്കൂടെ

  സകല ജന്തുക്കൾക്കുമുണ്ടെന്നു ധരിച്ചാലും. (എഴുത്തച്ഛൻ)

-ഈ വരികളും 'ലക്ഷ്മണസാന്ത്വന'ത്തിലെ ആശയങ്ങളും പരിഗണിച്ച് 'എഴുത്തച്ഛൻകവിതയിലെ തത്ത്വചിന്ത' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം തയാറാക്കുക.

സൂചന:-

പാദപഫലം-വൃക്ഷത്തിന്റെ ഫലം

ഇടതുടരെ-തുടർച്ചയായ്

**Hint:**

- വരികളിലെ തത്ത്വചിന്ത ഉൾക്കൊണ്ടിട്ടുണ്ട്. (2)
- പാഠഭാഗത്തുനിന്നു കൂടുതൽ ആശയം ഉൾപ്പെടുത്തിയിട്ടുണ്ട്. (1)
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമീകരിച്ച് പ്രഭാഷണം തയാറാക്കിയിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(6)*

**Quest:**

- വിദ്യകൊണ്ടറിയേണ്ടതറിയാതെ

  വിദ്വാനെന്നു നടിക്കുന്നിതു ചിലർ.

  (ജ്ഞാനപ്പാന-പൂന്താനം)

- കുട്ടിയിലും മുതിർന്നവരിലുമുള്ള ശാരീരികവും മാനസികവും ആധ്യാത്മികവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം. (ഗാന്ധിജി)

- സംസാരകാരിണിയായതവിദ്യയും

  സംസാരനാശിനിയായതു വിദ്യയും.

  (അധ്യാത്മരാമായണം കിളിപ്പാട്ട്-എഴുത്തച്ഛൻ )

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെക്കുറിച്ചുള്ള മഹാത്മാക്കളുടെ ചിന്തകളാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ മേൽകൊടുത്തിരിക്കുന്ന ചിന്തകളുമായി ബന്ധിപ്പിച്ച് 'വിദ്യാഭ്യാസം ലക്ഷ്യവും മാർഗവും' എന്ന

ശീർഷകത്തിൽ ലഘൂപന്യാസം തയാറാക്കുക.

**Hint:**

- നൽകിയ സൂചനകളുടെ വിശകലനം ചെയ്തിട്ടുണ്ട് (1)
- വിദ്യാഭ്യാസരംഗത്തെ ആനുകാലികസ്ഥിതി കണ്ടെത്തിയിട്ടുണ്ട്. (2)
- സ്വന്തം നിഗമനങ്ങൾ രൂപീകരിപ്പിച്ചിട്ടുണ്ട് . (2)
- ആശയങ്ങൾ ക്രമമായി അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:** കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(4)*

**Quest:**

നീർപ്പോളപോലെയുള്ളൊരു ദേഹത്തിൽ

വീർപ്പു മാത്രമുണ്ടിങ്ങനെ കാണുന്നു

ഓർത്തിരിയാതെ പാട്ടുപെടുന്നേരം

നേർത്തുപോകുമതെന്നേ പറയാവൂ.

(ജ്ഞാനപ്പാന-പൂന്താനം)

വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ

സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം

(അധ്യാത്മരാമായണം കിളിപ്പാട്ട്- എഴുത്തച്ഛൻ)

ഇരുകാവ്യഭാഗങ്ങളിലെയും ജീവിതദർശനം താരതമ്യം ചെയ്തു കുറിപ്പ് തയാറാക്കുക.

**Hint:**

- കാവ്യഭാഗങ്ങളിലെ ജിവിതദർശനം കണ്ടെത്തിയിട്ടുണ്ട്. (1)
- താരതമ്യം ചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- സ്വന്തം നിരീക്ഷണം സമർഥിച്ചിട്ടുണ്ട്. (1)

**Chapter Name:** കാലാതീതം കാവ്യവിസ്മയം -ലക്ഷ്മണസാന്ത്വനം *Marks :(4)*

**Quest:**

വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം

മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ

നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നതു

മുന്നമേ ഞാനെടോ, നിന്നുള്ളിലെപ്പൊഴും

എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും

നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും....

കോപാന്ധനായ ലക്ഷ്മണനെ സമചിത്തനാക്കുന്നതിന് അങ്ങേയറ്റം മനശ്ശാസ്ത്രപരമായ സമീപനമാണ് ശ്രീരാമൻ സ്വീകരിക്കുന്നത്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? തന്നിരിക്കുന്ന ഭാഗം വിശകലനം ചെയ്തു സ്വാഭിപ്രായം സമർഥിക്കുക.

**Hint:**

- കാവ്യസന്ദർഭത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. 1
- മനശ്ശാസ്ത്രപരമായ സമീപനം തിരിച്ചറിഞ്ഞിട്ടുണ്ട് 2
- പ്രസ്താവനയോട് യുക്തിപൂർവം പ്രതികരിച്ചിട്ടുണ്ട് 1

സമഗ്ര ചോദ്യോത്തരങ്ങൾ

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-AT

**Chapter:**

അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം

**Subtitle:**

Select

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം *Marks :(2)*

### Quest:

- "മിസ്സിസ്സ് തലത്ത് <u>പൊട്ടിച്ചിതറി</u>കൊണ്ട് വീണ്ടും അയാളെ കെട്ടിപ്പിടിച്ച്".
- "അമ്മയുടെ കയ്യിൽ നിന്ന് ഗ്ലാസ് തറയിൽ വീണ് <u>പൊട്ടിച്ചിതറി</u>"

അടിവരയിട്ട പദങ്ങൾ സന്ദർഭങ്ങൾക്ക നൽകുന്ന വ്യത്യാസം കണ്ടെത്തിക്കുറിക്കുക

### Hint:

പദങ്ങളുടെ അർത്ഥവ്യത്യാസം കണ്ടെത്തിയിട്ടുണ്ട് 2

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം *Marks :(4)*

### Quest:

- " മിസ്സിസ്സ് തലത്ത് കുട്ടികളെ പ്രസവിച്ചു എന്നു മാത്രം. മുലകൊടുത്തിട്ടില്ല, താരാട്ടുപാടിയില്ല. വാശിപിടിച്ച് കരയുമ്പോൾ ശാസിക്കുകയോ സുഖക്കേടിൽ ശുശ്രൂഷിക്കുകയോ ചെയ്തിട്ടില്ല. അലങ്കരിച്ച ബൊമ്മകളെപ്പോലെ ഇടയ്ക്ക് ഉമ്മ വക്കാൻ മാത്രം അവർ അടുത്തുവരും." (വിശ്വരൂപം.)
- മുണ്ടകപ്പാടത്തിന്റെ വരമ്പത്തു തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു" ( കടൽത്തീരത്ത്)

കുടുംബബന്ധങ്ങളുടെ വ്യത്യസ്തമുഖങ്ങളാണോ ഇരു കഥകളിലും കാണുന്നത്? കഥാസന്ദർഭങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

### Hint:

സന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട് (1)

ചോദ്യവുമായി ബന്ധിപ്പിച്ച് താരതമ്യം ചെയ്തിട്ടുണ്ട് (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.(1)

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം *Marks :(4)*

**Quest:**

"ചക്രവർത്തിനിയുടെ ജന്മമാണ് അവർക്ക്. ആരുടെ മുന്നിലും തലകുനിക്കില്ല."

" ഞാൻ ഇൻഡ്യയിൽ ജനിച്ചു, പക്ഷേ, ജീവിച്ചത് ഇവിടെയല്ലല്ലോ. എൻെറ അച്ഛനമ്മമാരെ ദൈവത്തെപ്പോലെ വിചാരിച്ചിട്ടില്ല. അവസാനകാലത്ത് തുടരെത്തുടരെ അമ്മ എഴുതിയിട്ടും നാട്ടിൽ വന്നു താമസിക്കാനുള്ള മടികൊണ്ട് പോരാതിരിക്കുകയാണ് ചെയ്തത്. കൊടുത്തത് മാത്രമേ നേടാനൊക്കൂ, അല്ലേ സുധീർ ? ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ല."

മിസ്സിസ്സ് തലത്തിൻ്റെ ജീവിതമൊരു പരാജയമായിരുന്നോ? തന്നിരിക്കുന്ന സന്ദർഭങ്ങളും കഥയും വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയാറാക്കുക

**Hint:**

സന്ദർഭങ്ങൾ വിശകലനം ചെയ്തിട്ടുണ്ട് (1)

ചോദ്യവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട്. (2)

നിരീക്ഷണങ്ങൾ യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട് (2)

സന്ദർഭങ്ങൾ വിശകലനം ചെയ്തിട്ടുണ്ട് (1)

ചോദ്യവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട്. (2)

നിരീക്ഷണങ്ങൾ യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട് (2)

ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട് (1)

( സ്കോർ 6സമയം 14മിനിറ്റ്)

39 പഠനനേട്ടം

കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് നിലപാടുകൾ അവതരിപ്പിക്കുന്നതിന്

“ മിസ്സിസ്സ് തലത്ത് കുട്ടികളെ പ്രസവിച്ചു എന്നു മാത്രം. മുലകൊടുത്തിട്ടില്ല, താരാട്ടുപാടിയില്ല. വാശിപിടിച്ച് കരയുമ്പോൾ ശാസിക്കുകയോ സുഖക്കേടിൽ ശുശ്രൂഷിക്കുകയോ ചെയ്തിട്ടില്ല. അലങ്കരിച്ച ബൊമ്മകളെപ്പോലെ ഇടയ്ക്ക് ഉമ്മ വക്കാൻ മാത്രം അവർ അടുത്തുവരും." (വിശ്വരൂപം.)

മുണ്ടകപ്പാടത്തിൻെറ വരമ്പത്തു തൻെറ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിൻെറ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു" ( കടൽത്തീരത്ത്)

കുടുംബബന്ധങ്ങളുടെ വ്യത്യസ്തമുഖങ്ങളാണോ ഇരു കഥകളിലും കാണുന്നത്? കഥാസന്ദർഭങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

മൂല്യനിർണയസൂചകങ്ങൾ

സന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട് (1)

ചോദ്യവുമായി ബന്ധിപ്പിച്ച് താരതമ്യം ചെയ്തിട്ടുണ്ട് (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.(1)

ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട് (1)

**Chapter Name:അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം** *Marks :(4)*

**Quest:**

"അവസാനമായെങ്കിലും സ്ത്രീയുടെ ഈ <u>വിശ്വരൂപം</u> ദർശിച്ചുവല്ലോ."

അടിവരയിട്ട പ്രയോഗം നല്കുന്ന അർഥവ്യാപ്തി കണ്ടെത്തി കുറിപ്പ് തയാറാക്കുക.

**Hint:**

കഥ ഉൾക്കൊണ്ടിട്ടുണ്ട്. ( 1 )

പ്രയോഗത്തിന്റെ അർഥവ്യാപ്തി കണ്ടെത്തിയിട്ടുണ്ട്. (2 )

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (1)

**Chapter Name:അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം** *Marks :(2)*

**Quest:**

"വൃദ്ധയും വല്ലാതെ പരുങ്ങിപ്പോയി.**സ്ഥലകാലങ്ങളോട് പൊരുത്തപ്പെടാത്ത ഈ അതിഥി** ആരാണ്?" (വിശ്വരൂപം)

അടിവരയിട്ട ഭാഗം നൽകുന്ന രണ്ട് സൂചനകൾ കണ്ടെത്തിയെഴുതുക

**Hint:**

സൂചനകൾ കണ്ടെത്തിയിട്ടുണ്ട് (2)

**Chapter Name:അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം** *Marks :(2)*

**Quest:**

രണ്ടുപേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കിയിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി . (വിശ്വരൂപം)

അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന സവിശേഷതകൾ കണ്ടെത്തിയെഴുതുക

**Hint:**

സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട് ( 2 )

**Chapter Name:അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം** *Marks :(4)*

**Quest:**

"അമ്മതന്നെ വളർത്തണം. ശാസിക്കയും ലാളിക്കയും കൂട്ടുകൂടുകയും വേണം. എങ്കിൽ മാത്രമേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗ വുമായിത്തീരുകയുള്ളൂ."

(വിശ്വരൂപം-ലളിതാംബിക അന്തർജനം)

മിസിസ് തലത്തിന്റെ ഈ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം യുക്തിപൂർവം സമർഥിക്കുക

**Hint:**

കഥാസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട് (1)

കാഴ്ചപ്പാടുകൾ വിശകലനം ചെയ്തിട്ടുണ്ട്. (1)

യുക്തിപൂർവം സമർത്ഥിച്ചിട്ടുണ്ട്. (2)

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം *Marks :(4)*

**Quest:**

"അമ്മതന്നെ വളർത്തണം. ശാസിക്കയും ലാളിക്കയും കൂട്ടുകൂടുകയും വേണം. എങ്കിൽ മാത്രമേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗ വുമായിത്തീരുകയുള്ളൂ." (വിശ്വരൂപം-ലളിതാംബിക അന്തർജനം)

മിസിസ് തലത്തിന്റെ ഈ നിലപാടുകളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം യുക്തിപൂർവം സമർഥിക്കുക

**Hint:**

കഥാസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട് (1)

നിലപാടുകൾ വിശകലനം ചെയ്തിട്ടുണ്ട്. (1)

യുക്തിപൂർവം സമർത്ഥിച്ചിട്ടുണ്ട്. (2)

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം *Marks :(4)*

**Quest:**

മാഡം തലത്ത് മരിച്ചുപോയി മോനേ. ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി. ഇത് അമ്മയാണ്; താഴത്തു കുഞ്ഞിക്കുട്ടിയമ്മ."

കഥാപാത്ര ത്തിൻെറ ഈ വാക്കുകൾ വിശകലനം ചെയ്ത് കഥാപാത്രത്തിന്റെ മാനസികാവസ്ഥയെക്കുറിച്ചുള്ള കുറിപ്പ് തയാറാക്കുക.

**Hint:**

വാക്യം വിശകലനം ചെയ്തിട്ടുണ്ട്. (1)

മിസ്സിസ് തലത്തിന്റെ ജീവിതത്തിൽ വന്ന മാറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം *Marks :(6)*

**Quest:**

'നിങ്ങളുടെ വരാൻപോകുന്ന ഭാര്യയോടു പറയൂ, കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന്. അവർക്ക് ആയയെ വയ്ക്കരുത്. അമ്മതന്നെ വളർത്തണം. ശാസിക്കുകയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ.'

മാഡം തലത്തിന്റെ ഈ തിരിച്ചറിവ് സമകാലികസമൂഹത്തിന് നൽകുന്ന ജീവിതപാഠം എന്താണ്?നിങ്ങളുടെ നിഗമനങ്ങൾ യുക്തിപൂർവം സമർഥിക്കുക

**Hint:**

കഥാപാത്രത്തിൻെറ വാക്കുകളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട് (2)

സമകാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട് ( 2)

നിഗമനങ്ങൾ യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട് (2)

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം *Marks :(4)*

**Quest:**

മാഡം തലത്ത് മരിച്ചുപോയി മോനേ. ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി. ഇത് അമ്മയാണ്; താഴത്തു കുഞ്ഞിക്കുട്ടിയമ്മ."

മാഡം തലത്തിന്റെ ഈ വാക്കുകളിൽ തെളിയുന്ന മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

വാക്യം വിശകലനം ചെയ്തിട്ടുണ്ട്. (1)

മിസ്സിസ് തലത്തിന്റെ മാനസികാവസ്ഥ വിശകലനം ചെയ്തിട്ടുണ്ട്. (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - വിശ്വരൂപം *Marks :(6)*

**Quest:**

"ഡോളിയില്ലെങ്കിൽ ഞാൻ വെറും നിഴലായേനെ."

"നോക്കൂ, നമുക്ക് അഞ്ചാമതൊരു കുട്ടിയുണ്ടായിരിക്കുന്നു. ഒരു മകൻ. പക്ഷേ, ഒരു വ്യത്യാസമുണ്ട്. ഇവൻ കുറച്ചുനാൾ നമ്മോടുകൂടി താമസിക്കും."

"വീട്ടിനെപ്പറ്റി ഓർക്കുന്നത് ഡോക്ടർ തലത്തിന് ഒരു ലഹരിയായിരുന്നു. തന്റെ അമ്മ... തന്റെ അമ്മൂമ്മ... എന്നൊക്കെ വെച്ചാൽ....."

(വിശ്വരൂപം)

തന്നിരിക്കുന്ന സൂചനകൾ വിശകലനം ചെയ്ത് മിസ്റ്റർ തലത്തിൻെറ സ്വഭാവ സവിശേഷതകൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയാറാക്കുക

**Hint:**

കഥാസന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

സവിശേഷതകൾ കണ്ടെത്തി വിശകലനം ചെയ്തിട്ടുണ്ട് (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)

ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട് (1)

സമഗ്ര ചോദ്യോത്തരങ്ങൾ

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-AT

**Chapter:**

വാക്കുകൾ സർഗതാളങ്ങൾ - അക്കർമാശി

**Subtitle:**

Select

**Chapter Name:**വാക്കുകൾ സർഗതാളങ്ങൾ - അക്കർമാശി *Marks :(4)*

**Quest:**

'ഇക്കൊല്ലം നമ്മൾ സ്പോർട്സിൽ തോറ്റുപോയി, സാരമില്ല. എന്നാൽ ഈ കുട്ടി, ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ, അത് ഈ ക്ലാസിന്റെ മുഴുവനും വിജയമാണ്.

ഈ അഭിനന്ദനം ലിംബാളെ ജീവിതത്തിൽ എത്രത്തോളം പ്രചോദിപ്പിച്ചിട്ടുണ്ടാവാം? നിരീക്ഷണങ്ങൾ കുറിക്കുക.

ഇത്തരത്തിൽ അഭിനന്ദിക്കപ്പെട്ട ഏതെങ്കിലുമൊരു സന്ദർഭം നിങ്ങൾക്കുണ്ടോ? സ്വാനുഭവം കുറിക്കുക.

**Hint:**

- പാഠസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1 )
- നിരീക്ഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ഭാവാത്മകമായി അവതരിപ്പിച്ചിട്ടുണ്ട് (൧)

**Chapter Name:**വാക്കുകൾ സർഗതാളങ്ങൾ - അക്കർമാശി *Marks :(6)*

**Quest:**

ദുരവസ്ഥ

എത്ര പെരുമാക്കൾ ശങ്കരാചാര്യന്മാ-

രെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും

ക്രൂരമാം ജാതിയാൽ നൂനമലസിപ്പോയ്

കേരളമാതാവേ, നിൻവയറ്റിൽ.

തേച്ചുമിനുക്കിയാൽ, കാന്തിയും മൂല്യവും

വാച്ചിടും കല്ലുകൾ ഭാരതാംബേ,

താണു കിടക്കുന്നു നിൻകുക്ഷിയിൽ ചാണ-

കാണാതെയാറേഴുകോടിയിന്നും

എന്തിന്നു കേഴുന്നു ദീനയോ നീ ദേവി

എന്തു ഖേദിപ്പാൻ ദരിദ്രയോ നീ?

ഹന്തയിജ്ജാതിയെ ഹോമിച്ചൊഴിച്ചാൽ നിൻ

ചിന്തിതം സാധിച്ച രത്നഗർഭേ.

തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ

ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ

കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-

യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ! (കുമാരനാശാൻ)

വരികൾ വിശകലനം ചെയ്ത് ആസ്വാദനം തയാറാക്കുക. (ആശയഭംഗി, ചമത്കാരഭംഗി, സാമൂഹ്യപരമായ പ്രസക്തി തുടങ്ങിയവ പരിഗണിക്കണം)

**Hint:**

- കവിത വിശകലനം ചെയ്തിട്ടുണ്ട്. (2)
- ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- സ്വന്തം നിരീക്ഷണങ്ങൾ സമർഥിച്ചിട്ടുണ്ട് (1)
- ആശയവ്യക്തതയോടെ ആവിഷ്കരിച്ചിട്ടുണ്ട് 1

**Chapter Name:** **വാക്കുകൾ സർഗതാളങ്ങൾ - അക്കർമാശി** *Marks :(4)*

**Quest:**

"മിഠായി പൊതിയുന്ന കടലാസുകൾ കണ്ടാൽ എന്റെ വായിൽ വെള്ളമൂറും. എപ്പോഴെങ്കിലും ഒരു നല്ല കടലാസു കണ്ടെത്തിയാൽ എനിക്കു വലിയ സന്തോഷം തോന്നും. "(അക്കർമാശി)

ശരൺകുമാർ ലിംബാളെയുടെ ഈ മനോഭാവം പുതിയ തലമുറയിലെ കുട്ടികളിൽ പ്രകടമാണോ? നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക.

**Hint:**

- ലിംബാളെയുടെ ജീവിതാവസ്ഥകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 2
- സ്വാഭിപ്രായം സമർഥിച്ചിട്ടുണ്ട് 2

**Chapter Name:** **വാക്കുകൾ സർഗതാളങ്ങൾ - അക്കർമാശി** *Marks :(4)*

**Quest:**

"വാറുപൊട്ടിയ ചെരുപ്പ് അവിടെയുള്ള ഒരു ചെരുപ്പുകുത്തിയെക്കൊണ്ട് നന്നാക്കിക്കാൻ പറഞ്ഞു സാന്താമായി. എന്നാൽ സാന്താമായി ഒരു മഹാർ ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പു നന്നാക്കാൻ കൂട്ടാക്കിയില്ല."

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ

ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ

കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-

യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ" (കുമാരനാശാൻ)

കുമാരനാശാന്റെ വരികളിലും ലിംബാളെയുടെ ജീവിതാനുഭവത്തിലും പ്രകടമാവുന്ന സാമൂഹ്യാവസ്ഥ ഇപ്പോഴും രാജ്യത്ത് നിലനിൽക്കുന്നുണ്ടോ? വിശകലനം ചെയ്ത് സ്വാഭിപ്രായം കുറിക്കുക

**Hint:**

- കുമാരനാശാന്റെ വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)
- ലിംബാളെയുടെ ജീവിതാനുഭവം ഉൾക്കൊണ്ടിട്ടുണ്ട്. (1)

- സമകാലികാവസ്ഥ വിശകലനം ചെയ്ത് സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. (2)

സമഗ്ര ചോദ്യോത്തരങ്ങൾ

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-AT

**Chapter:**

കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ

**Subtitle:**

Select

**Chapter Name:**കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(2)*

**Quest:**

റോട്ടർഡാമിലെ ദുഷിച്ച ആവാസസ്ഥാനങ്ങളും വിളവെടുപ്പ് കഴിഞ്ഞ് പ്രസവരക്ഷ ചെയ്യുന്ന ഉരുളക്കിഴങ്ങ്പാടങ്ങളും പിന്നിട്ട് വീടിന് നേരെയുള്ള ചെളിയിടവഴിയിലേക്ക്

അയാൾ തിരിഞ്ഞു.

ഈ ഭാഗം കഥാസന്ദർഭത്തിനു നൽകുന്ന ഭാവഭംഗി കണ്ടെത്തിയെഴുതുക

**Hint:**

- പാഠസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്1
- ഭാവതലം കണ്ടെത്തിയിട്ടുണ്ട് .1

**Chapter Name:**കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(4)*

**Quest:**

പിന്നെ ഒരു പരന്ന പാത്രത്തിൽ, പുഴുങ്ങിയ ഉരുളക്കിഴങ്ങുകൾ കൊണ്ടുവന്ന് മേശപ്പുറത്ത് പതുക്കെ വച്ചു. മണ്ണിന്നടിയിൽപ്പെട്ട് ചതഞ്ഞ്, മുഖംപൊട്ടി വികൃതമായി, ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മൂടിയും തൊലിയും ഉരിഞ്ഞുപറിഞ്ഞ്..

കിഴവൻമിറൽ ദീർഘമായി നിശ്വസിച്ചു.

കഥാസന്ദർഭത്തിലെ സൂചനകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക

**Hint:**

- കഥാസന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട് 1
- സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട് 2
- നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് 1

**Chapter Name:**കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(4)*

**Quest:**

അന്ന അവളുടെ കുഞ്ഞുപ്രായത്തിന്റെ കൊതികൾക്ക് അരോചകമാണെങ്കിലും ചിരപരിചയത്താൽ സിദ്ധിച്ച ഒരു സ്വാദോടെ ഉരുളക്കിഴങ്ങ് തിന്നാൻ ആരംഭിച്ചു.

കഥാസന്ദർഭം കഥക്കു നല്കുന്ന സവിശേഷതലം കണ്ടെത്തി കുറിപ്പ് തയാറാക്കുക.

**Hint:**

കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട് 1

പ്രമേയം കണ്ടെത്തിയിട്ടുണ്ട്. 2

നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. 1

**Chapter Name:**കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(4)*

**Quest:**

ഒരൊറ്റ ദിവസത്തെ യാത്ര കഴിഞ്ഞുള്ള മടക്കമാണെങ്കിലും ഒരു നൂറ്റാണ്ടിനപ്പുറത്തുനിന്നു വരുന്നതുപോലെ മിറലിന് വീട് അപരിചിതമായിത്തോന്നി.

ഈ കഥാസന്ദർഭം നൽകുന്ന സൂചനകൾ കണ്ടെത്തുക

**Hint:**

കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

സൂചനകൾ കണ്ടെത്തിയിട്ടുണ്ട് (2)

ഉചിതഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട് (1)

**Chapter Name:**കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(4)*

**Quest:**

"മുത്തച്ഛാ, അച്ഛൻ എന്നോടു പറഞ്ഞിട്ടുണ്ട്, ഖനികളിൽനിന്ന് ഭംഗി യുള്ള ഈസ്റ്റർ മുട്ടകളാണ് കുഴിച്ചെടുക്കുന്നതെന്ന്. നമുക്ക് ഉരുളക്കിഴങ്ങു കിട്ടും പോലെ ആണോ മുത്തച്ഛാ?"

-ദുരന്തം തിരിച്ചറിയാത്ത അന്നയുടെ ചോദ്യത്തിനു മുന്നിൽ യഥാർത്ഥത്തിൽ നിസ്സഹായരാകുന്നത് കിഴവൻ മിറലും ജൂലിയാനയുടെ അമ്മയുമാണോ? നിങ്ങളുടെ നിരീക്ഷണം വിശദമാക്കുന്ന കുറിപ്പു തയാറാക്കുക.

**Hint:**

വൈകാരിക സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)

വിശകലനം ചെയ്തിട്ടുണ്ട് (2)

**Chapter Name:**കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(6)*

**Quest:**

"ഉണക്കമണ്ണിന്റെ നിറവും സ്പർശവും കലർന്ന പരുപരുത്ത കൈവിരലുകളാൽ മിറൽ ജൂലിയാനയുടെ കൈകളിൽ തൊട്ടു. ഒട്ടിവലിഞ്ഞ്, പ്രാചീനകാലത്തെ ഏതോ പക്ഷിയുടേതുപോലുള്ള അയാളുടെ ശിരസ്സ് ദൈന്യത്തോടെ ഒന്നിളകുകമാത്രം ചെയ്തു."

"കിഴവൻ മിറൽ സ്വന്തം ഹൃദയം തിളയ്ക്കുന്നതറിഞ്ഞുകൊണ്ട് ജൂലിയാനയുടെ ചലനങ്ങൾ കണ്ണിമവെട്ടാതെ നോക്കിയിരിക്കുകയായിരുന്നു."

- ഉരുളക്കിഴങ്ങു തിന്നുന്നവർ എന്ന കഥയിൽ ഏറ്റവുമധികം ആത്മ സംഘർഷം അനുഭവിക്കുന്ന കഥാപാത്രമാണ് കിഴവൻ മിറൽ. കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടെ പരിഗണിച്ച് കഥാപാത്രനിരൂപണം തയാറാക്കുക.

**Hint:**

കഥാപാത്ര സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)

ഉചിതസന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:** കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(2)*

**Quest:**

അവൾ തന്റെ അച്ഛനമ്മമാരുടെ അടുത്തായി ഇരുന്നു.

അവൾ തന്റെ അച്ഛനമ്മമാരുടെ അടുത്തായിരുന്നു.

അടിവരയിട്ട പദങ്ങൾ വാക്യങ്ങൾക്കു നൽകുന്ന അർത്ഥവ്യത്യാസം എഴുതുക.

**Hint:**

അർത്ഥവ്യത്യാസം തിരിച്ചറിഞ്ഞിട്ടുണ്ട്.

**Chapter Name:** കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(2)*

**Quest:**

എല്ലാവരുടെയും നിഴലുകളെ പിന്നിലേക്ക് വീഴ്ത്തിയ റാന്തലിന്റെ കട്ടം മഞ്ഞവെളിച്ചത്തിൽ വൃദ്ധന്റെ കടക്കണ്ണിൽ നിന്നു ചോര പൊടിയുന്നതു കണ്ട ആ നിമിഷം, ഭർത്താവിൻറെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു.

-അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കി മാറ്റിയെഴുതുക.

**Hint:**

അർത്ഥപൂർണ്ണ വാക്യങ്ങളാക്കിയിട്ടുണ്ട്. (2)

**Chapter Name:** കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(4)*

**Quest:**

ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ

നെഞ്ചിൽ വീണു.

ഈർച്ചമില്ലുകളെപ്പോലെ ശബ്ദിച്ച ഇരുട്ടിലെ ചീവീടുകളുടെ സ്വരം പൊടുന്നനെ മുറിഞ്ഞു. ആ നിമിഷം ചുമരിലെ ഘടികാരത്തിൽ നിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു. (ഉരുളക്കിഴങ്ങ് തിന്നുന്നവർ)

കഥാസന്ദർഭത്തിന്റെ ആവിഷ്കാരം കഥയെ ആസ്വാദ്യകരമാക്കുന്നതെങ്ങനെ? വിലിരുത്തി കുറിപ്പ് തയാറാക്കുക

**Hint:**

- സന്ദർഭത്തിന്റെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- വിശകലനം ചെയ്തിട്ടുണ്ട്.. (2)

- നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)

**Chapter Name:** കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(6)*

**Quest:**

ആവണിപ്പാടം കളിച്ചതോർത്തീ മുടി-

യാകെ വിടർത്തിയുലർത്തി നിന്നു

പെറ്റെഴുന്നേറ്റു വേതിട്ടു കുളിച്ചൊരു

പെൺമണിയെപ്പോൽ തെളിഞ്ഞു നിന്നു...

(ആവണിപ്പാടം- ഒ.എൻ.വി)

വിളവെട്ടപ്പു കഴിഞ്ഞ് പ്രസവരക്ഷ ചെയ്യുന്ന ഉരുളക്കിഴങ്ങുപാടങ്ങളും പിന്നിട്ട് വീടിനു നേരെയുള്ള ചെളിയിടവഴിയിലേക്ക് അയാൾ തിരിഞ്ഞു.

(ഉരുളക്കിഴങ്ങ് തിന്നുന്നവർ - സുഭാഷ്ചന്ദ്രൻ)

തന്നിരിക്കുന്ന ഭാഗങ്ങളിലെ പാടങ്ങളെക്കുറിച്ചുള്ള വർണ്ണനയുടെ ഔചിത്യം വിശകലനം ചെയ്തു കുറിപ്പ് തയാറാക്കുക.

**Hint:**

- പദ്യവും ഗദ്യവും വിശകലനം ചെയ്തിട്ടുണ്ട്. (2)
- വർണനയുടെ ഔചിത്യം കണ്ടെത്തിയിട്ടുണ്ട്. (2)
- ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്. (2)

**Chapter Name:** കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(4)*

**Quest:**

അസ്തമയം കഴിഞ്ഞുള്ള മരവിച്ച വെളിച്ചത്തിലൂടെ കിഴവൻ മിറൽ വേച്ചുവേച്ചു നടന്നു. മഞ്ഞുകാലമായിരുന്നു. തന്റെ കുഞ്ചിരോമങ്ങളിൽ ഹിമം പെയ്തടിയുന്നതും പിഞ്ഞിയ കമ്പിളിയുടുപ്പിന്റെ വിടവുകളിലൂടെ തണുപ്പിന്റെ കത്തിമുനകളാഴുന്നതും അറിയാതെ........

അയാൾ തിരിഞ്ഞു.

ഈ വാക്യങ്ങൾ കഥാപാത്രത്തെക്കുറിച്ചു നൽകുന്ന സൂചനകൾ എന്തെല്ലാം?

വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

- കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. 1
- വിശകലനം ചെയ്തിട്ടുണ്ട്. 1
- നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. 2

**Chapter Name:** കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(4)*

**Quest:**

"എല്ലാവരുടെയും നിഴലുകളെ പിന്നിലേക്കു വീഴ്ത്തിയ റാന്തലിന്റെ കടുംമഞ്ഞ വെളിച്ചത്തിൽ വൃദ്ധന്റെ കടക്കണ്ണിൽ നിന്ന് ചോരപൊടിയുന്നതു കണ്ട ആ നിമിഷം, ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു."

കഥാന്ത്യം നൽകുന്ന സൂചനകൾ വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക

**Hint:**

- കഥാസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (2)
- കഥാന്ത്യം നൽകുന്ന സൂചനകൾ കണ്ടെത്തിയിട്ടുണ്ട് (2)

**Chapter Name:** കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(4)*

**Quest:**

- ആ നിമിഷം ചുമരിലെ ഘടികാരത്തിൽനിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു.
- അപ്പോൾ കരിശിൽനിന്ന് തുള്ളിതുള്ളിയായി ചോരയിറ്റുന്ന ശബ്ദവും അവൾ കേട്ടു. ഇത്തരം ആഖ്യാനരീതി കഥയ്ക്ക് നൽകുന്ന പ്രത്യേകതകൾ എന്തെല്ലാം? കഥയിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് കഥാഖ്യാനശൈലിയുടെ പ്രത്യേകതകളെക്കുറിച്ച് കുറിപ്പ് തയാറാക്കുക

**Hint:**

- കഥാസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (1)
- പ്രയോഗങ്ങളുടെ പ്രത്യേകത തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- മറ്റു സന്ദർഭങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (1)
- ആഖ്യാനപരമായ സവിശേഷതകൾ വിശകലനം ചെയ്തിട്ടുണ്ട്. (1)

**Chapter Name:** കലകൾ കാവ്യങ്ങൾ- ഉരുളക്കിഴങ്ങ് തിന്നുന്നവർ *Marks :(4)*

**Quest:**

"മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒറ്റ ബിന്ദു, ഒരേയൊരു വെളുത്ത പൂ വച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു."

ഈ വാക്യം കഥാസന്ദർഭത്തിനു നൽകുന്ന സവിശേഷതകൾ എന്തെല്ലാം?

**Hint:**

- കഥാസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (1)
- ആഖ്യാനപരമായ സവിശേഷതകൾ വിശകലനം ചെയ്തിട്ടുണ്ട്. (1)
- കണ്ടെത്തലുകൾ അവതരിപ്പിച്ചിട്ടുണ്ട്.. (2)

സമഗ്ര ചോദ്യോത്തരങ്ങൾ

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-AT

**Chapter:**

കാലാതീതം കാവ്യവിസ്മയം - കാളിദാസൻ

**Subtitle:**

Select

**Chapter Name:** കാലാതീതം കാവ്യവിസ്മയം - കാളിദാസൻ *Marks :(6)*

**Quest:**

"ഗ്രീഷ്മം മുതൽ ആറ് ഋതുക്കളെയും ക്രമമായി വർണിച്ച് അഗാധമായ പ്രകൃതിസ്നേഹം വെളിപ്പെടുത്തുന്ന 'ഋതുസംഹാരം."

"സ്നേഹം കേവലം പഞ്ചേന്ദ്രിയപരം മാത്രമല്ലെന്നും ത്യാഗത്തിലാണ് സ്നേഹത്തിന്റെ പരിപൂർണതയെന്നും വ്യക്തമാക്കുന്ന കുമാരസംഭവവും അഭിജ്ഞാനശാകുന്തളവും".

" പ്രകൃതിയുടെ സൂക്ഷ്മചലനങ്ങൾ പോലും മനുഷ്യമനസ്സുകളിൽ ഭാവമാറ്റങ്ങൾ സൃഷ്ടിക്കുന്നു എന്ന് വ്യക്തമാക്കുന്നവയാണ് കാളിദാസകൃതികൾ."

തന്നിട്ടുള്ള സൂചനകൾ പ്രയോജനപ്പെടുത്തി 'വിശ്വമഹാകവി കാളിദാസൻ' എന്ന

വിഷയത്തെക്കുറിച്ച് പ്രഭാഷണം തയാറാക്കുക.

**Hint:**

സൂചനകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

സൂചനയുമായി ബന്ധപ്പെടുത്തി ആവശ്യമായ ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.(1)

കാളിദാസനെക്കുറിച്ചുള്ള കൂടുതൽ വസ്തുതകൾ കണ്ടെത്തിയിട്ടുണ്ട്. (2)

ആശയങ്ങൾ ക്രമമായി അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:** കാലാതീതം കാവ്യവിസ്മയം - കാളിദാസൻ *Marks :(2)*

**Quest:**

ആശയച്ചോർച്ച കൂടാതെ രണ്ടുവാക്യങ്ങളാക്കി മാറ്റുക.

ആശ്രമത്തിന്റെ അഴകും പരിശുദ്ധിയും, നഗരത്തിന്റെ പകിട്ടും പ്രൗഢിയും പ്രഥമപ്രണയത്തിന്റെ വിലാസഭംഗികളും പ്രൗഢസ്നേഹത്തിന്റെ ക്ഷമയും ത്യാഗവും അതിൽ കാണാം

**Hint:**

ആശയച്ചോർച്ച കൂടാതെ രണ്ടു വാക്യങ്ങളാക്കിയിട്ടുണ്ട്

For more Study materials Install BIO-VISION SCHOOL APP from Play Store

**Chapter Name:** കാലാതീതം കാവ്യവിസ്മയം - കാളിദാസൻ *Marks :(4)*

**Quest:**

കാളിദാസന്റെ ഭവന ഏറ്റവുമധികം തെളിഞ്ഞു പ്രകാശിക്കുന്നത് ഭാരതീയ നാടകങ്ങളുടെ മുന്നിൽ നില്ക്കുന്ന 'ശാകുന്തള'ത്തിന്റെ രചനയിലാണ്. (കാളിദാസൻ)

അഭിജ്ഞാനശാകുന്തളം നാടകത്തെക്കുറിച്ചുള്ള ഈ പ്രസ്താവനയുടെ സാംഗത്യം പാഠഭാഗവുമായി ബന്ധിപ്പിച്ച് വിലയിരുത്തുക

**Hint:**

- പാഠസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട് (1 )
- പാഠഭാഗം വിശകലനം ചെയ്തിട്ടുണ്ട് (1 )
- പ്രസ്താവനയുമായി ബന്ധിപ്പിച്ച് നിരീക്ഷണം സമർഥിച്ചിട്ടുണ്ട്. (2)

**Chapter Name:** കാലാതീതം കാവ്യവിസ്മയം - കാളിദാസൻ *Marks :(4)*

**Quest:**

ഇന്ത്യയിലെ ഏറ്റവും വലിയ പർവതം ഏതെന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ : ഹിമാലയം. ഇന്ത്യയിലെ ഏറ്റവും മഹാനായ കവി ആരെന്നതിനെക്കുറിച്ചും ആർക്കും തർക്കമില്ല : കാളിദാസൻ.

എൻ വി കൃഷ്ണവാരിയർ കാളിദാസനെ ഹിമാലയത്തോട് താരതമ്യം ചെയ്തതിന്റെ ഔചിത്യം വ്യക്തമാക്കി കുറിപ്പ് തയാറാക്കുക.

**Hint:**

പാഠസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട് 1

ഔചിത്യം പരിശോധിച്ചിട്ടുണ്ട് 1

കണ്ടെത്തൽ യുക്തിപൂർവം സമർഥിച്ചിട്ടുണ്ട് 2

**Chapter Name:** കാലാതീതം കാവ്യവിസ്മയം - കാളിദാസൻ *Marks :(1)*

**Quest:**

"മേഘസന്ദേശത്തിലെ പ്രതിപാദ്യം <u>പ്രിയജനവിരഹം</u>കൊണ്ട് മനുഷ്യന്റെ മനസ്സിൽ ഉണ്ടാകുന്ന വെമ്പലും വേദനയുമാണ്."

അടിവരയിട്ട പദം വിഗ്രഹിച്ചെഴുതിയാൽ?

- പ്രിയജനംകൊണ്ടുള്ള വിരഹം
- പ്രിയജനങ്ങളെക്കുറിച്ചുള്ള വിരഹം
- പ്രിയജനങ്ങളിലെ വിരഹം
- പ്രിയജനങ്ങളുടെ വിരഹം

**Hint:**

ശരിയായി വിഗ്രഹിച്ചെഴുതിയ പദം കണ്ടെത്തിയിട്ടുണ്ട്. 1

**Chapter Name:** കാലാതീതം കാവ്യവിസ്മയം - കാളിദാസൻ *Marks :(6)*

**Quest:**

'കാവ്യങ്ങളിലെ പ്രമേയസവിശേഷതകളാണ് കാളിദാസനെ കാലാതീതനാക്കുന്നത്'- കാളിദാസൻ എന്ന പാഠത്തെ

അടിസ്ഥാനമാക്കി ലഘൂപന്യാസം തയാറാക്കുക.

സൂചനകൾ

- സ്നേഹം കേവലം പഞ്ചേന്ദ്രിയപരം മാത്രമായിരിക്കരുത്.y
- രാജധർമ്മത്തെക്കുറിച്ച് ഭാരതീയർക്കുണ്ടായിരുന്ന ഉജ്വലാദർശങ്ങൾ രഘുവംശത്തിലൂടെ അവതരിപ്പിക്കുന്നു.
- മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം

**Hint:**

കാവ്യങ്ങളിലെ പ്രമേയസവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

-പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (1)

-യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. (2)

-ഘടന പാലിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം - കാളിദാസൻ *Marks :(1)*

**Quest:**

ആഷാഢമാസത്തിൽ കാർമേഘങ്ങൾ ഉയർന്നുവരുന്നത് കുന്നിന്മേൽ കുരുപോലെയായി.

അടിവരയിട്ട ശൈലിക്ക് സമാനമായ ശൈലി കണ്ടെത്തി എഴുതുക.

എ)നാടോടുമ്പോൾ നടുവെ ഓടുക

ബി) തേടിയ വള്ളി കാലിൽ ചുറ്റി

സി) ഇടിവെട്ടിയവനെ പാമ്പുകടിക്കുക

ഡി)തീക്കൊള്ളികൊണ്ട് തല ചൊറിയുക

**Hint:**

ശരിയുത്തരം കണ്ടെത്തിയിട്ടുണ്ട് (സി)

**Chapter Name:**കാലാതീതം കാവ്യവിസ്മയം - കാളിദാസൻ *Marks :(4)*

**Quest:**

പട്ടികപ്പെടുത്തുക

| കൃതി | പ്രത്യേകത | കഥാപാത്രം |
|---|---|---|
| മേഘസന്ദേശം | സ്നേഹം കേവലം പഞ്ചേന്ദ്രിയപരമായിരിക്കരുതെന്നും ഭോഗത്തിലല്ല ത്യാഗത്തിലാണ് സ്നേഹത്തിന്റെ പരി പൂർണതയെന്നും കാട്ടിത്തരുന്നു. | ദിലീപൻ |
| കുമാരസംഭവം | മനുഷ്യരുടെയും പ്രകൃതിയുടെയും അനുഭൂതിമധുരങ്ങളായ ചിത്രങ്ങൾ ചിതറിക്കിടക്കുന്നു. | യക്ഷൻ |
| രഘുവംശം | തീക്ഷ്ണസൂക്ഷ്മവും അപഗ്രഥനാതീതവുമായ ശാശ്വതവിരഹബോധ ത്തിന്ന് ഹൃദയദ്രവീകരണക്ഷമമായ രൂപം നല്കിയിരിക്കുന്നു | ശകുന്തള |
| അഭിജ്ഞാനശാകുന്തളം | രാഷ്ട്രീയസ്ഥിതിഗതികളെ ഹാസ്യാത്മകമായി ചിത്രീകരിച്ചിരിക്കുന്നു | അഗ്നിമിത്രൻ |

| | | |
|---|---|---|
| മാളവികാഗ്നിമിത്രം | രാജധർമ്മത്തെപ്പറ്റി ഭാരതീയർക്കുണ്ടായിരുന്ന<br>ഉജ്ജ്വലാദർശങ്ങൾ പ്രകാശിപ്പിക്കുന്നു | പാർവതി |

**Hint:**

കൃതി, പ്രത്യേകത, കഥാപാത്രം എന്നിവ തിരിച്ചറിഞ്ഞിട്ടുണ്ട്.

സമഗ്ര ചോദ്യോത്തരങ്ങൾ

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-AT

**Chapter:**

കാലാതീതം കാവ്യവിസ്മയം - അമ്മ

**Subtitle:**

Select

**Chapter Name:**കാലാതീതം കാവ്യവിസ്മയം - അമ്മ *Marks :(2)*

### Quest:

- ഇന്ത്യയിലെ ദരിദ്രകോടികൾ കഞ്ഞിക്കും കറിക്കും ഉപയോഗിക്കുന്ന ഉപ്പിനുകൂടി വിദേശത്തുനിന്നു വലിഞ്ഞുകയറി ആധിപത്യമുറപ്പിച്ച ബ്രിട്ടീഷ് ഗവണ്മെന്റ് കരം ചുമത്തിയിരുന്നു.
- അതിഥിയെ ഗൃഹനാഥൻ കരം കൊടുത്തു സ്വീകരിച്ചു.

അടിവരയിട്ട പദങ്ങൾ നൽകുന്ന അർഥവ്യത്യാസം കണ്ടെത്തി എഴുതുക.

### Hint:

- പദം നൽകുന്ന അർഥവ്യത്യാസം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

**Chapter Name:**കാലാതീതം കാവ്യവിസ്മയം - അമ്മ *Marks :(1)*

### Quest:

ഭാഷാപ്രയോഗങ്ങൾ മൂലമുണ്ടാകുന്ന ഭാവം കണ്ടെത്തുന്നതിന്.

'കാന്തിക്ക് എവിടെ കിട്ടിയെടാ ഈ ചാക്കുപോലത്തെ പൃഷ്ക്കടിമുണ്ട്?'

ഈ വാക്യത്തിൽ തെളിയുന്ന ഭാവം?

എ.ആകാംക്ഷ.

ബി. സന്തോഷം.

സി. പരിഹാസം.

ഡി. കോപം.

### Hint:

ശരിയായ ഭാവം തിരിച്ചറിഞ്ഞിട്ടുണ്ട് (1 )

**Chapter Name:**കാലാതീതം കാവ്യവിസ്മയം - അമ്മ *Marks :(2)*

**Quest:**

"എടാ, ഈ കാന്തി ഞമ്മടെ പഷ്ണി തീർക്കുവോ?"

ഈ വാക്യത്തിലെ ഭാഷാപരമായ രണ്ടു സവിശേഷതകൾ കുറിക്കുക.

**Hint:**

- ഭാഷാപരമായ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)

**Chapter Name:**കാലാതീതം കാവ്യവിസ്മയം - അമ്മ *Marks :(4)*

**Quest:**

- "എന്റെ ഉള്ള് ആന്തിപ്പോയി."
- "എടാ, ഈ കാന്തി ഞമ്മടെ പഷ്ണി തീർക്കുവോ? “
- "എന്റെ രണ്ടു കരണത്തും 'പടപടേന്ന്' രണ്ടെണ്ണം!"
- "മസിലിനു ബലമില്ല. പിളുപിളിപ്പ്!"

( അമ്മ )

മുകളിൽ കൊടുത്തിരിക്കുന്ന പാഠസന്ദർഭങ്ങൾ വിശകലനം ചെയ്തു ബഷീറിന്റെ

ഭാഷാപരമായ സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക.

**Hint:**

പ്രയോഗങ്ങളുടെ അർഥവ്യാപ്തി തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

ബഷീറിന്റെ ഭാഷയുടെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)

നിരീക്ഷണം സമർഥിച്ചിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം - അമ്മ *Marks :(6)*

**Quest:**

"എന്റെ സർവസ്വവും ഭാരതമാതാവിന്റെ പാദങ്ങളിൽ അർപ്പിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു. അടിമത്തശൃംഖലകൾ പൊട്ടിക്കുവാൻ എന്റെ സർവശക്തിയും ഞാൻ ദാനം ചെയ്യുന്നു. ഉടൻതന്നെ ഞാൻ അറസ്റ്റുവരിക്കും. "

(അമ്മ-ബഷീർ)

നാട്ടിലില്ല

വീട്ടിലില്ല, റോട്ടിലില്ല

നാലാൾ കൂടുന്നിടത്ത് നിലവിലില്ല

അച്ഛനോടൊപ്പം വയലിലില്ല

അമ്മയോടൊപ്പം ആശുപത്രിയിലില്ല

മരണവീടിന്റെ മൗനത്തിലില്ല

കല്യാണവീട്ടിൽ മഹനീയ സാന്നിധ്യമില്ല

പാർട്ടിയിലില്ല

ജാഥയിലില്ല

പ്രത്യയശാസ്ത്രത്തിലില്ല

വായനശാലയുടെ പരിസരത്ത്

പൊടിപോലുമില്ല.

പ്രിയപ്പെട്ട യുവാവേ,

നീ എവിടെയാണ് ഒളിച്ചിരിക്കുന്നത്?

നിന്നെ കാണാൻ കൊതിയാവുന്നു.

സത്യമായും.

(അഭാവങ്ങൾ- സോമൻ കടലൂർ)

തന്നിരിക്കുന്ന ഭാഗങ്ങളിലെ ആശയം വിശകലനം ചെയ്ത് 'യുവാക്കളും സാമൂഹ്യപ്രതിബദ്ധതയും' എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.

**Hint:**

"എന്റെ സർവസ്വവും ഭാരതമാതാവിന്റെ പാദങ്ങളിൽ അർപ്പിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു. അടിമത്തശൃംഖലകൾ പൊട്ടിക്കുവാൻ എന്റെ സർവശക്തിയും ഞാൻ ദാനം ചെയ്യുന്നു. ഉടൻതന്നെ ഞാൻ അറസ്റ്റുവരിക്കും. "

(അമ്മ-ബഷീർ)

നാട്ടിലില്ല

വീട്ടിലില്ല, റോട്ടിലില്ല

നാലാൾ കൂടുന്നിടത്ത് നിലവിലില്ല

അച്ഛനോടൊപ്പം വയലിലില്ല

അമ്മയോടൊപ്പം ആശുപത്രിയിലില്ല

മരണവീടിന്റെ മൗനത്തിലില്ല

കല്യാണവീട്ടിൽ മഹനീയ സാന്നിധ്യമില്ല

പാർട്ടിയിലില്ല

ജാഥയിലില്ല

പ്രത്യയശാസ്ത്രത്തിലില്ല

വായനശാലയുടെ പരിസരത്ത്

പൊടിപോലുമില്ല.

പ്രിയപ്പെട്ട യുവാവേ,

നീ എവിടെയാണ് ഒളിച്ചിരിക്കുന്നത്?

നിന്നെ കാണാൻ കൊതിയാവുന്നു.

സത്യമായും.

(അഭാവങ്ങൾ- സോമൻ കടലൂർ)

തന്നിരിക്കുന്ന ഭാഗങ്ങളിലെ ആശയം വിശകലനം ചെയ്ത് 'യുവാക്കളും സാമൂഹ്യപ്രതിബദ്ധതയും' എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.

**Chapter Name:**കാലാതീതം കാവ്യവിസ്മയം - അമ്മ *Marks :(1)*

**Quest:**

മാതൃകപോലെ എഴുതുക

ഐഹികം- ഇഹത്തെ സംബന്ധിച്ചത്

വൈവാഹികം- ...............................

**Hint:**

-ഉചിതമായ പദം കണ്ടെത്തിയിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം - അമ്മ *Marks :(2)*

**Quest:**

മനസ്സിനെയും ശരീരത്തെയും വീർപ്പുമുട്ടിക്കുന്ന ഉന്നതപ്രാകാരങ്ങളോടുകൂടിയ ഒരു ഭയങ്കര കാരാഗാരമാണ് ഇന്ത്യ!

അടിവരയിട്ട പദം നൽകുന്ന അർത്ഥവ്യാപ്തി കണ്ടെത്തി എഴുതുക.

**Hint:**

-പദത്തിന്റെ അർത്ഥം തിരിച്ചറിഞ്ഞിട്ടുണ്ട്

**Chapter Name:**കാലാതീതം കാവ്യവിസ്മയം - അമ്മ *Marks :(2)*

**Quest:**

കേൾപ്പോരും കേൾവിയുമില്ലാത്ത കാലം'-എന്ന ബഷീർ പറയുന്നതിലൂടെ വ്യക്തമാകുന്ന

രണ്ടു യുക്തികൾ കണ്ടെത്തി എഴുതുക.

**Hint:**

സന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

-അർത്ഥതലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം - അമ്മ *Marks :(6)*

**Quest:**

"ഓ... ചോറും കറിയും വെച്ച് എല്ലാ രാത്രിയും ഞാൻ കാത്തിരിക്കും." (അമ്മ)

"ഒന്നുമില്ലെങ്കിൽ എല്ലാറ്റിനുമുപരിയായി നല്ല കുറേ ഓർമ്മകളെങ്കിലും നമ്മോടുകൂടി

ഉണ്ടാവുമല്ലോ. ഓർമ്മകൾ അതു മാത്രമേ വാർധക്യത്തിനവകാശപ്പെട്ടതായുള്ളു സുധീർ. "

(വിശ്വരൂപം)

രണ്ട് അമ്മമാരുടെയും കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

- സന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ( 2)
- വാക്കുകളിൽ തെളിയുന്ന വൈകാരികത കണ്ടെത്തിയിട്ടുണ്ട്.(2)

താരതമ്യം ചെയ്തിട്ടുണ്ട്. (2)

**Chapter Name:**കാലാതീതം കാവ്യവിസ്മയം - അമ്മ *Marks :(4)*

**Quest:**

"എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതുപോലെ ഭാരതവും എന്നെ

പ്രതീക്ഷിക്കുന്നില്ലേ?ഭാരതഭൂമി മരിച്ച എന്നെയും എന്നെ പ്രസവിച്ച എന്റെ അമ്മ

ജീവിച്ചിരിക്കുന്ന എന്നെയും."

ഈ വരികൾ നൽകുന്ന അർത്ഥസൂചനകൾ എന്തെല്ലാം? വിശദമാക്കുക

**Hint:**

സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

അർത്ഥസൂചനകൾ കണ്ടെത്തിയിട്ടുണ്ട്. (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:**കാലാതീതം കാവ്യവിസ്മയം - അമ്മ *Marks :(1)*

**Quest:**

"ഉമ്മാ, ഞാൻ ഗാന്ധിയെ തൊട്ടു!"

ഈ വാക്യത്തിൽ പ്രകടമാകുന്ന ഭാവമേത്?

( ഭയം, അഭിമാനം, ആശങ്ക, കുറ്റബോധം)

**Hint:**

-ഉചിതഭാവം കണ്ടെത്തിയിട്ടുണ്ട്. (1)

സമഗ്ര ചോദ്യോത്തരങ്ങൾ

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-AT

**Chapter:**

അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം

**Subtitle:**

Select

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം *Marks :(2)*

**Quest:**

"ഏവമോതിയിടരാർന്നു" എന്നത് ഏവം, ഓതി, ഇടർ, ആർന്നു എന്ന് വേർതിരിച്ചെഴുതാം.എങ്കിൽ

" പിന്നെയൊന്നൊരുപകാരം " വേർതിരിച്ചെഴുതുക

**Hint:**

ഘടകപദങ്ങളാക്കിയിട്ടുണ്ട്. (2

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം *Marks :(4)*

**Quest:**

"ധീരനായ യതി നോക്കി തന്വിതൻ

ഭൂരിബാഷ്പപരിപാടലം മുഖം,

പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ -

ധാരയാർന്ന പനിനീർസുമോപമം"

ഈ വരികളിലെ കാവ്യഭംഗി കണ്ടെത്തി കുറിപ്പ് തയാറാക്കുക.

**Hint:**

സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)

ആശയവ്യക്തതയോടെ ആവിഷ്കരിച്ചിട്ടുണ്ട് (1)

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം *Marks :(1)*

**Quest:**

**ഭാവശാലികൾ** പിരിഞ്ഞുകൂടിയാ -

ലീവിധം വികലമാം സുഖോദയം

അടിവരയിട്ടപദത്തിന് സന്ദർഭത്തിലുള്ള അർഥമെന്ത് ?

(ഭാവനയുള്ളവർ,സ്നേഹമുള്ളവർ,വിരഹികൾ,ശത്രുക്കൾ)

**Hint:**

അർഥം തെരഞ്ഞെടുത്തെഴുതിയിട്ടുണ്ട് ( 1)

**Chapter Name:** **അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം** *Marks :(4)*

**Quest:**

കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!

ദിഷ്ടമീവടിവിയന്നു വന്നപോൽ

ദൃഷ്ടനായിഹഭവാൻ! ഭവാനപ-

ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ!

കാവ്യസന്ദർഭത്തിൽ തെളിയുന്ന നളിനിയുടെ മാനസികാവസ്ഥ കണ്ടെത്തി കുറിപ്പ് തയാറാക്കുക

**Hint:**

കാവ്യഭാഗത്തെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട് (2)

വിശകലനം ചെയ്ത് മാനസികാവസ്ഥ അവതരിപ്പിച്ചിട്ടുണ്ട്, ( 2)

**Chapter Name:** **അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം** *Marks :(2)*

**Quest:**

പോയതൊക്കെയഥവാ നമുക്കയേ

പ്രായവും സപദി മാറികാര്യവും

**ആയതത്വ**മറിവിന്നമാർന്നു

അടിവരയിട്ട കാവ്യഭാഗം നൽകുന്ന അർഥസൂചനകൾ കണ്ടെത്തിഎഴുതുക

**Hint:**

വളർച്ച, വികാസം തുടങ്ങിയ അർഥസൂചനകൾ കണ്ടെത്തിയിട്ടുണ്ട്

**Chapter Name:** **അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം** *Marks :(6)*

**Quest:**

"ഒരുവേള പഴക്കമേറിയാ-

ലിരുളുംമെല്ലെവെളിച്ചമായ് വരും

ശരിയായ് മധുരിച്ചിടാം സ്വയം

പരിശീലിപ്പൊരു കയ്പുതാനമേ !"

-( ചിന്താവിഷ്ടയായസീത )

"സ്വാതന്ത്ര്യം തന്നെയമൃതം

സ്വാതന്ത്ര്യം തന്നെ ജീവിതം

പാരതന്ത്ര്യം മാനികൾക്കു

മൃതിയേക്കാൾ ഭയാനകം"

(ഒരു ഉദ്ബോധനം)

"അന്യജീവനതകിസ്വജീവിതം

ധന്യമാക്കുമമലേ! വിവേകികൾ."

( നളിനി)

തന്നിരിക്കുന്ന കാവ്യഭാഗങ്ങളും പാഠഭാഗവും വിശകലനം ചെയ്ത് "ആശാൻകവിതയിലെ തത്ത്വചിന്ത" എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

**Hint:**

വരികൾ വിശകലനം ചെയ്തിട്ടുണ്ട് (2)

കാവ്യഭാഗത്ത് നിന്നും തെളിവുകൾ കണ്ടെത്തിയിട്ടുണ്ട് (1)

നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്.(2)

ആശയവ്യക്തതയോടെ ആവിഷ്കരിച്ചിട്ടുണ്ട്.(1)

**Chapter Name:അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം** *Marks :(6)*

**Quest:**

അന്യജീവനതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ-

കുമാരനാശാൻ

ഒരു കണ്ണീർക്കണം മറ്റുള്ള

വർക്കായി ഞാൻ പൊഴിക്കവേ

ഉദിക്കയാണെന്നാത്മാവിലാ-

യിരം സൗരമണ്ഡലം

-അക്കിത്തം

കാവ്യഭാഗങ്ങൾ വിശകലനം ചെയ്ത് 'ത്യാഗവും ജീവിതധന്യതയും' എന്ന വിഷയത്തിൽ ലഘുപ്രഭാഷണം തയ്യാറാക്കുക .

**Hint:**

കാവ്യഭാഗങ്ങളുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട് (2)

വിഷയവുമായി ബന്ധിപ്പിച്ച് പ്രഭാഷണം തയാറാക്കിയിട്ടുണ്ട് (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ( 1)

ആശയവ്യക്തതയോടെ ആവിഷ്കരിച്ചിട്ടുണ്ട് (1)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം *Marks :(2)*

**Quest:**

'പണ്ടു നിന്നെയൊരിളംകുരുന്നതായ്

കണ്ടു ഞാൻ, സപദി <u>വല്ലിയായി</u> നീ'

അടിവരയിട്ട പദം സന്ദർഭത്തിൽ നൽകുന്ന സവിശേഷാർഥം കണ്ടെത്തിയെഴുതുക.

**Hint:**

സവിശേഷാർത്ഥം കണ്ടെത്തിയിട്ടുണ്ട്..

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം *Marks :(2)*

**Quest:**

"പ്രാണനോടുമൊരുനാൾ ഭവൽപദം

കാണവാൻ ചിരമഹോ! കൊതിച്ച ഞാൻ

കേണവാണിവിടെ; യേകമർഥിയാം

പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ"

-പ്രാണി എന്ന് നളിനി സ്വയം വിശേഷിപ്പിക്കുന്നതെന്തു കൊണ്ടാവും? നിങ്ങളുടെ നിഗമനങ്ങൾ കുറിക്കുക.

**Hint:**

നിഗമനങ്ങൾ കുറിച്ചിട്ടുണ്ട് ( 2 )

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം *Marks :(4)*

**Quest:**

"അന്യജീവനുതകിസ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ" (നളിനി-കുമാരനാശാൻ)

വരികളിലെ സാമൂഹ്യപ്രസക്തി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

വരികളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

സാമൂഹ്യപ്രസക്തി കണ്ടെത്തിയിട്ടുണ്ട്. (2)

യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം *Marks :(4)*

**Quest:**

അഗാധമായ സ്നേഹവും തീവ്രമായ ദു:ഖവും ആസ്വാദകനെ അനുഭവിപ്പിക്കുന്ന രചനകളാണ് പ്രിയദർശനവും കടൽത്തീരത്തും'

പ്രസ്താവന വിശകലനം ചെയ്ത് സ്വാഭിപ്രായം സമർഥിക്കുക.

**Hint:**

പാഠഭാഗങ്ങളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)

താരതമ്യം ചെയ്തിട്ടുണ്ട്. (1)

യുക്തിപൂർവം സമർഥിച്ചിട്ടുണ്ട് (2)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം *Marks :(4)*

**Quest:**

"ധീരനായ യതി നോക്കി തന്വിതൻ

ഭൂരിബാഷ്പപിപാടലംമുഖം,

പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ -

ധാരയാർന്ന് പനിനീർസുമോപമം"

ഈ വരികളിലെ കാവ്യഭംഗികണ്ടെത്തി കുറിപ്പ് തയാറാക്കുക

**Hint:**

സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

വിശകലനം ചെയ്തിട്ടുണ്ട്. (1)

ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം *Marks :(1)*

**Quest:**

**ഭാവശാലികൾ** പിരിഞ്ഞുകൂടിയാ -

ലീവിധം വികലമാം സുഖോദയം

അടിവരയിട്ട പദം നൽകുന്ന അർഥസൂചന എന്ത്?

(ഭാവനയുള്ളവർ, സ്നേഹമുള്ളവർ, വിരഹികൾ,ശത്രുക്കൾ)

**Hint:**

അർഥസൂചന തിരിച്ചറിഞ്ഞിട്ടുണ്ട് 1

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം *Marks :(1)*

**Quest:**

കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!

ദിഷ്ടമീ വടിവിയന്നു വന്നപോൽ

ദൃഷ്ടനായിഹ ഭവാൻ! ഭവാനു പ-

ണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ.

വരികളിൽ പ്രകടമാവുന്ന ഭാവം

( സങ്കടം, ആശ്വാസം, വിരക്തി, ദേഷ്യം)

**Hint:**

ആശ്വാസം (1)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം *Marks :(6)*

**Quest:**

അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ-

കുമാരനാശാൻ

ഒരു കണ്ണീർകണം മറ്റുള്ള

വർക്കായി പൊഴിക്കവേ

ഉദിക്കയാണെന്നാത്മാവിലാ-

യിരം സൗരമണ്ഡലം

-അക്കിത്തം

കാവ്യഭാഗങ്ങൾ വിലയിരുത്തി ഭോഗത്തിലല്ല ത്യാഗത്തിലാണ് സ്നേഹത്തിന്റെ

പരിപൂർണത എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക .

**Hint:**

കാവ്യഭാഗങ്ങളുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട് (1)

പ്രസ്താവനയെ വിശകലനം ചെയ്ത് ബന്ധിപ്പിച്ചിട്ടുണ്ട് (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ( 2)

പ്രഭാഷണഘടന , ഭാഷ (1)

**Chapter Name:അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം** *Marks :(4)*

**Quest:**

ഏവമോതിയിടരാർന്നു കണ്ണുനീർ

ഉവിനാൾ മൊഴി കുഴങ്ങി നിന്നവൾ

മൊഴി കുഴങ്ങി നിന്നവൾ എന്ന പ്രയോഗം സന്ദർഭത്തിനു നൽകുന്ന സവിശേഷാർഥം കണ്ടെത്തി കുറിപ്പ് തയാറാക്കുക.

**Hint:**

കാവ്യസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

സവിശേഷാർഥം കണ്ടെത്തിയിട്ടുണ്ട് (2)

**Chapter Name:അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം** *Marks :(4)*

**Quest:**

അന്യജീവനുതകിസ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ

(നളിനി-കുമാരനാശാൻ)

വരികളിലെ സാമൂഹ്യപ്രസക്തി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

വരികളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

സാമൂഹ്യപ്രസക്തി കണ്ടെത്തിയിട്ടുണ്ട്. (2)

യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:അനുഭൂതികൾ ആവിഷ്കാരങ്ങൾ - പ്രിയദർശനം** *Marks :(4)*

**Quest:**

'അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ! വിവേകികൾ.' (കുമാരനാശാൻ)

അവനവനാത്മസുഖത്തിനാചരിക്കുന്നവ-

യപരന്ന് സുഖത്തിനായ് വരേണം (ശ്രീനാരായണഗുരു)

അപരനോടുള്ള പരിഗണനയാണ് ജീവിതത്തെ അർപൂർണമാക്കുന്നത്.

ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ തന്നിരിക്കുന്ന വരികളിലെ ജീവിതസന്ദേശം താരതമ്യം ചെയ്യുക

**Hint:**

പ്രസ്താവനയുടെ പൊരുൾകണ്ടെത്തിയിട്ടുണ്ട്. (1)

വരികളിലെ ജീവിതസന്ദേശം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

താരതമ്യം ചെയ്ത് സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. (1)

ആശയവ്യക്തതയോടെ എഴുതിയിട്ടുണ്ട് (1)

**സമഗ്ര ചോദ്യോത്തരങ്ങൾ**

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-AT

**Chapter:**

അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത്

**Subtitle:**

Select

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(6)*

### Quest:

“മുണ്ടകപ്പാടത്തിൻെറ വരമ്പത്ത് തൻെറ ചെറുവിരലിൽ പിടിച്ച്കൊണ്ട് അസ്തമയത്തിൻെറ പക്ഷികളെനോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു. അസ്തമയത്തിലൂടെ പാടത്തേയ്ക്ക് ഇറങ്ങി നടന്ന സ്വന്തം അപ്പനെ ഓർത്തു.”

"അപരിചിതൻെറ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പൻെറ കഴുത്തിൽ ചുറ്റിമുറുകി.”

തന്നിരിക്കുന്ന ഭാഗങ്ങളും കഥയും വിശകലനം ചെയ്ത് വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

### Hint:

സന്ദർഭങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (1 )

കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട് (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)

ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട് (1)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(4)*

### Quest:

" അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി.”

" ഉത്തരവുകളുടെ അപരിചിതസ്വരങ്ങൾ. വിദ്വേഷവും നിന്ദയും പകയുമില്ലാത്ത കരുക്കകൾ. അവ ചുറ്റിപ്പിടിച്ച് ശ്വാസം മുട്ടിക്കുന്നു.” (കടൽത്തീരത്ത്)

വെള്ളായിയപ്പന്റെ ഈ അനുഭവങ്ങൾ വായനക്കാരുടേതുകൂടിയായി മാറുന്നുണ്ടോ? കഥയുടെ വായനാനുഭവത്തിന്റെ വെളിച്ചത്തിൽ പ്രതികരണക്കുറിപ്പ് തയാറാക്കുക

### Hint:

കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട് (1)

നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. (2)

യുക്തിപൂർവം പ്രതികരിച്ചിട്ടുണ്ട് ( 1)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(1)*

**Quest:**

"തീവണ്ടിയാപ്പീസിന്റെ മുറ്റത്തു കൂട്ടംതട്ടിനിന്ന കുതിരവണ്ടിക്കാർ വണ്ടി വേണോയെന്ന് വെള്ളായിയപ്പനോട് ചോദിച്ചില്ല. സമൂഹത്തിന്റെ ഏതു മനോഭാവമാണ് ഇവിടെ പ്രകടമാകുന്നത്?

(വൃദ്ധരോടുള്ള നീരസം

ജോലിയിലുള്ള താല്പര്യക്കുറവ്

ദരിദ്രരോടുള്ള അവഗണന

അപരിചിതരോടുള്ള പരിഗണനയില്ലായ്മ.)

**Hint:**

ഉചിതമായത് കണ്ടെത്തിയിട്ടുണ്ട് 1

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(2)*

**Quest:**

"പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടു പോകുന്നു". (കടൽത്തീരത്ത്)

വെള്ളായിയപ്പന്റെ ജീവിതവുമായി ബന്ധപ്പെട്ട എന്തെല്ലാം സൂചനകളാണ് ഈ വാക്യത്തിൽ തെളിയുന്നത്?

**Hint:**

സൂചനകൾ തിരിച്ചറിഞ്ഞിട്ടുണ്ട് 2

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(2)*

**Quest:**

"ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ."

വെള്ളായിയപ്പന്റെ കാത്തിരിപ്പിനെ ഇങ്ങനെ അവതരിപ്പിച്ചതിന്റെ ഔചിത്യമെന്ത്? രണ്ടു സൂചനകൾ എഴുതുക.

**Hint:**

ഔചിത്യം കണ്ടെത്തിയിട്ടുണ്ട് 2

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(1)*

**Quest:**

"ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ"

"യജമാനൻമാരേ, എന്റെ കൈയിൽ പണമില്ല." (കടൽത്തീരത്ത്)

ഈ വാക്കുകൾ വെള്ളായിയപ്പന്റെ മാനസികാവസ്ഥയെക്കുറിച്ച് നൽകുന്ന സൂചനയെന്ത് ?

(നിസ്സഹായത ,വിരക്തി ,വിദ്വേഷം,വൈമനസ്യം)

**Hint:**

ഉചിതമായത് കണ്ടെത്തിയിട്ടുണ്ട് 1

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(1)*

**Quest:**

"തീവണ്ടിയാപ്പീസിന്റെ മുറ്റത്തു കൂട്ടംതട്ടിനിന്ന കുതിരവണ്ടിക്കാർ വണ്ടി വേണോയെന്ന് വെള്ളായിയപ്പനോട് ചോദിച്ചില്ല. സമൂഹത്തിന്റെ ഏതു മനോഭാവമാണ് ഇവിടെ പ്രകടമാകുന്നത്?

(വൃദ്ധരോടുള്ള നീരസം

ജോലിയിലുള്ള താല്പര്യക്കുറവ്

ദരിദ്രരോടുള്ള അവഗണന

അപരിചിതരോടുള്ള പരിഗണനയില്ലായ്മ.)

**Hint:**

ഉചിതമായത് കണ്ടെത്തിയിട്ടുണ്ട് 1

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(2)*

**Quest:**

"പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടു പോകുന്നു". (കടൽത്തീരത്ത്)

വെള്ളായിയപ്പന്റെ ജീവിതവുമായി ബന്ധപ്പെട്ട എന്തെല്ലാം സൂചനകളാണ് ഈ വാക്യത്തിൽ തെളിയുന്നത്?

**Hint:**

സൂചനകൾ തിരിച്ചറിഞ്ഞിട്ടുണ്ട് 2

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(4)*

**Quest:**

- കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനുവേണ്ടിയായിരുന്നു.

"മകനേ നീ എന്തു ചെയ്തു ?"

"എനിക്കോർമ്മയില്ല അപ്പാ"

"മകനേ , നീ കൊലപാതകം നടത്തിയോ?"

"എനിക്കോർമ്മയില്ല"

"സാരമില്ല മകനേ"

ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല." (കടൽത്തീരത്ത്)

- വായനക്കാരിൽ സഹാനുഭൂതി ഉണർത്തുന്ന കഥാപാത്രമാണോ കണ്ടുണ്ണി? കഥ വിശകലനം ചെയ്ത് സ്വാഭിപ്രായം സമർഥിക്കുക

**Hint:**

മൂല്യനിർണയസൂചകങ്ങൾ

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് 2

കഥയിൽ നിന്നും തെളിവുകൾ കണ്ടെത്തിയിട്ടുണ്ട് 1

യുക്തിപൂർവം സമർഥിച്ചിട്ടുണ്ട് 1

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(4)*

**Quest:**

"യാത്രയുടെ ഒരുഘട്ടം താണ്ടാൻ വെള്ളായിയപ്പനെ സഹായിച്ചത്

പാഴുതറ ഗ്രാമത്തിന്റെ നന്മകളായിരുന്നു"

അനുയോജ്യമായ സന്ദർഭങ്ങൾ കണ്ടെത്തി പ്രസ്താവന വിലയിരുത്തുക.

**Hint:**

പ്രസ്താവന വിലയിരുത്തിയിട്ടുണ്ട് (1)

അനുയോജ്യമായ സന്ദർഭങ്ങൾ കണ്ടെത്തി വിശകലനം ചെയ്തിട്ടുണ്ട് (2 )

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(6)*

**Quest:**

"പാഴുതറയുടെ നെടുവരമ്പു കടന്നാൽ ലോകം മുഴുവൻ അപരിചിതരാണ്."

"പുഴയുടെ നടുക്കെത്തിയപ്പോൾ കളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി."

"കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവസാന്ദ്രമായി."

"അകലെ സൂര്യൻ താഴുന്നു.ഇരുണ്ടു തുടങ്ങുന്ന കരിമ്പനകൾക്ക് മുകളിലൂടെ പക്ഷികൾ പറന്ന് കൂടുപറ്റുന്നു."

-

മുകളിൽ കൊടുത്തിരിക്കുന്ന സൂചനകൾ വിശകലനം ചെയ്ത്, "ദേശവും പ്രകൃതിയും ഒ.വി. വിജയന്റെ കഥകളിലെ സജീവസാന്നിധ്യമാണ്" എന്ന പ്രസ്താവനയുടെ സാധുത വിലയിരുത്തി ഉപന്യാസം തയാറാക്കുക

**Hint:**

കഥ ഉൾക്കൊണ്ടിട്ടുണ്ട്. ( 1)

സൂചനകൾ വിശകലനം ചെയ്തിട്ടുണ്ട് ( 2)

പ്രസ്താവനയുമായി ബന്ധപ്പെടുത്തിയിട്ടുണ്ട് (2)

ആശയവ്യക്തതയോടെ ആവിഷ്കരിച്ചിട്ടുണ്ട് (1)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(4)*

**Quest:**

'ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി.'

ഈ വാക്യത്തിലെ സാദൃശ്യകല്പന കഥാസന്ദർഭത്തിനു നൽകുന്ന ഭാവതീവ്രത കണ്ടെത്തിയെഴുതുക.

**Hint:**

സാദൃശ്യകല്പന കണ്ടെത്തിയിട്ടുണ്ട്.(1)

ഭാവതീവ്രത വ്യക്തമാക്കിയിട്ടുണ്ട് (2)

ആശയവ്യക്തതയോടെ എഴുതിയിട്ടുണ്ട് (1)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(4)*

**Quest:**

"ഇനി നിനക്കു തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ".ഉവർത്തിനകത്ത് കെട്ടഴിക്കാതെ കിടന്ന പാഥേയം പുളിച്ചു."

"യജമാനന്മാരേ, എന്റെ കൈയിൽ പണമില്ല."

വെള്ളായിയപ്പന്റെ ജീവിതദുരന്തം കഥയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?തന്നിരിക്കുന്ന ഭാഗങ്ങളും മറ്റു കഥാസന്ദർഭങ്ങളും വിലയിരുത്തി കുറിപ്പ് തയാറാക്കുക.

**Hint:**

വെള്ളായിയപ്പന്റെ ജീവിതദുരന്തംതിരിച്ചറിഞ്ഞിട്ടുണ്ട്. (2)

ആവിഷ്കാരത്തിന്റെ പ്രത്യേകതകൾ വ്യക്തമാക്കിയിട്ടുണ്ട് (2)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(4)*

**Quest:**

"ഇത് ഒന്നാം ക്ലാസാണ് കാർന്നോരെ"

"കാരണവരേ, കട്ടാൽ മതി,ജയിലിലെത്തിച്ചേരാം"

'ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?" പാറാവുകാരൻ പരുക്കനായി പറഞ്ഞു. "ആപ്പീസ് തൊറക്കട്ടെ."

ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

വെള്ളായിയപ്പനോടുള്ള നാഗരികസമൂഹത്തിന്റെ പ്രതികരണങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

**Hint:**

പ്രതികരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (2)

വിമർശനാത്മകമായി വിലയിരുത്തിയിട്ടുണ്ട്. (2)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(6)*

**Quest:**
"പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി അപ്പൻെറ ശവത്തെ കുളിപ്പിച്ചത്, മകനെ അവൻെറ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്"

“എയ്ക്കി പിടിയില്ല”- വെള്ളായിയപ്പൻ പറഞ്ഞു:”കടലാശില് എന്താണ് എഷതിക്കെട്ക്ക്ണത് ആവോ? “

"ഒരു പേറ്റിച്ചിയെപ്പോലെ തൻെറ മകൻെറ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി".

തന്നിരിക്കുന്ന സൂചനകളും കഥയിലെ മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് കടൽത്തീരത്ത് എന്ന കഥയിലെ ആഖ്യാനസവിശേഷതയെക്കുറിച്ച് ലഘുനിരൂപണം തയാറാക്കുക.

**Hint:**
നൽകിയ സൂചനകൾ വിശകലനം ചെയ്തിട്ടുണ്ട്. (2)

കഥയിൽനിന്നു കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (1)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)

ആശയവ്യക്തതയോടെ എഴുതിയിട്ടുണ്ട് (1)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(6)*

**Quest:**
"കരിമ്പനകളിൽ കാറ്റുപിടിച്ചു."

"പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി."

"കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവസാന്ദ്രമായി."

"അകലെ സൂര്യൻ താഴുന്നു.ഇരുണ്ടു തുടങ്ങുന്ന കരിമ്പനകൾക്ക് മുകളിലൂടെ പക്ഷികൾ പറന്ന് കൂടുപറ്റുന്നു."

ദേശവും പ്രകൃതിയും ഒ.വി. വിജയന്റെ കഥകളിലെ സജീവസാന്നിധ്യമാണ്.സൂചനകൾ പ്രയോജനപ്പെടുത്തി നിരൂപണം തയാറാക്കുക

**Hint:**
സന്ദർഭത്തിന്റും ആശയം ഉൾക്കൊണ്ടിട്ടുണ്ട്. ( 1)

സൂചനകൾ വിശദീകരിച്ചിട്ടുണ്ട് ( 2)

പ്രസ്താവനയുമായി ബന്ധപ്പെടുത്തിയിട്ടുണ്ട് (2)

നിഗമനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് ( 1)

**Chapter Name:** അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(2)*

**Quest:**
'ഒരു <u>പേറ്റിച്ചിയെപ്പോലെ</u> തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി.'

അടിവരയിട്ട പദം സന്ദർഭത്തിനു നൽകുന്ന ആശയതലം കണ്ടെത്തിയെഴുതുക.

**Hint:**

പദപ്രയോഗത്തിന്റെ ആശയതലം കണ്ടെത്തിയിട്ടുണ്ട്. (2)

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(4)*

**Quest:**

"വെള്ളായിച്ചോ" - അവൾ പറഞ്ഞു അത്രമാത്രം

"നീലിയേ" - വെള്ളായിയപ്പൻ പറഞ്ഞു. അത്രമാത്രം.

" രണ്ടുവാക്കുകൾ മാത്രം"

കഥയ്ക്കിടയിലെ നിശബ്ദതയാണ് കഥയെ കൂടുതൽ വികാരതീവ്രമാക്കുന്നത് എന്ന നിങ്ങൾ കരുതുന്നുണ്ടോ? മറ്റു കഥാസന്ദർഭങ്ങൾ കൂടി പരിഗണിച്ച് സ്വാഭിപ്രായം കുറിക്കുക.

**Hint:**

സന്ദർഭങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (1)

സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട് (2)

യുക്തിപൂർവം സമർത്ഥിച്ചിട്ടുണ്ട്. (1)

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(4)*

**Quest:**

"തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി".

"ഇനി നിനക്ക തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ".

"കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ് . വെള്ളായിയപ്പൻ പൊതിയഴിച്ച്".

വെള്ളായിയപ്പന്റെ ദയനീയമായ അവസ്ഥ കഥാസന്ദർഭത്തിൽ എങ്ങനെ പ്രകടമാവുന്നു? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

കഥാസന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

വെള്ളായിയപ്പന്റെ ദയനീയമായ അവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട് (2)

യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(4)*

**Quest:**

'ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?'' പാറാവുകാരൻ പരുക്കനായി പറഞ്ഞു.

''ആപ്പീസ് തൊറക്കട്ടെ.''

ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

കഥാസന്ദർഭങ്ങൾ പരിശോധിച്ച് പാറാവുകാരന്റെ ഭാവമാറ്റത്തിന്റെ കാരണങ്ങൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക

**Hint:**

സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (2)

പ്രത്യേകതൾ കണ്ടെത്തിയിട്ടുണ്ട്. (2)

**Chapter Name:**അനുഭൂതികൾ ആവിഷ്കാരങ്ങൾ - കടൽത്തീരത്ത് *Marks :(6)*

**Quest:**

"വെള്ളായിയേ". - മാപ്പിള പറഞ്ഞു.

"മരയ്ക്കാരേ" - വെള്ളായിയപ്പൻ പ്രതിവചിച്ചു.

"പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി അപ്പൻെറ ശവത്തെ കുളിപ്പിച്ചത്, മകനെ അവൻെറ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്"

"ഒരു പേറ്റിച്ചിയെപ്പോലെ തൻെറ മകൻെറ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി".തന്നിരിക്കുന്ന സൂചനകളും കഥയിലെ മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് ആഖ്യാന സവിശേഷതയാണ്കടൽത്തീരത്ത് എന്ന കഥയെ മികവുറ്റതാക്കുന്നത്. നിരൂപണം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

നൽകിയ സൂചനകൾ വിശകലനം ചെയ്തിട്ടുണ്ട്. (1)

കഥയിൽനിന്നു കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)

ഉചിതഭാഷയിൽ ഘടന പാലിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)

സമഗ്ര ചോദ്യോത്തരങ്ങൾ

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-AT

**Chapter:**

വാക്കുകൾ സർഗ്ഗതാളങ്ങൾ - ഞാൻ കഥാകാരനായ കഥ

**Subtitle:**

Select

**Chapter Name:**വാക്കുകൾ സർഗ്ഗതാളങ്ങൾ - ഞാൻ കഥാകാരനായ കഥ *Marks :(4)*

**Quest:**

അക്ഷന്തവ്യമായ കൃതഘ്നതയോടെ പെരുമാറിയ തന്റെ പുത്രനോട് ആ തള്ളയ്ക്ക് ഒട്ടും വിദ്വേഷമില്ലായിരുന്നു. (ഞാൻ കഥാകാരനായ കഥ)

ഉപാധികളില്ലാതെ സ്നേഹിക്കാൻ കഴിയുന്നത് അമ്മയ്ക്ക് മാത്രമാണ്.

പാഠസന്ദർഭം വിശകലനം ചെയ്ത് പ്രസ്താവനയെ സാധൂകരിക്കുക.

**Hint:**

പാഠസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട് 1

പാഠസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട് 1

നിരീക്ഷണം യുക്തിപൂർവം സമർഥിച്ചിട്ടുണ്ട് 2

**Chapter Name:**വാക്കുകൾ സർഗ്ഗതാളങ്ങൾ - ഞാൻ കഥാകാരനായ കഥ *Marks :(4)*

**Quest:**

അമ്മ ആഗ ഹിച്ചതുപോലെ ആ മകൻ ഒരു ചെറിയ ഉദ്യോഗസ്ഥനായി; ഒടുവിൽ ഒരു ഉദ്യോഗസ്ഥയിൽ അനുരക്തനുമായി, ആ പ്രമ സത്വത്തെയുംകൊണ്ട് അകലെയൊരിടത്ത് അമ്മയെയുപേക്ഷിച്ച് സുഖിക്കുകയാണ്.

മകന്റെ പ്രവർത്തിയോടുള്ള നിങ്ങളുടെ പ്രതികരണം കറിക്കുക

**Hint:**

- സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട് 1
- പ്രശ്നം വിശകലനം ചെയ്തിട്ടുണ്ട് 1
- നിലപാട് യുക്തിപൂർവം സമർഥിച്ചിട്ടുണ്ട് 2

**Chapter Name:**വാക്കുകൾ സർഗ്ഗതാളങ്ങൾ - ഞാൻ കഥാകാരനായ കഥ *Marks :(6)*

**Quest:**

"അവനു വയറു നിറയെ ഉണ്ണാൻ വേണ്ടി ഞാൻ പഷ്ണികിടന്നതും അവനു സ്കൂളിലേക്ക് ഒരു വരക്കോലും ഷ്ളേർപെട്ടിയും വാങ്ങാൻ പൈസയില്ലാതെ ഞാൻ എന്റെ അരയിലെ ഏലസ്സിനകത്ത് പണ്ടുപണ്ടേ കിടന്നിരുന്ന പൊൻപണം ഉൗക്കിവിറ്റതും മറ്റും അവന്ന് ഓർമ്മയുണ്ടോ എന്നൊന്ന് എഴുതിച്ചോദിക്ക..... ദൈവത്തെ മറന്നു കളിക്കണ്ടാ എന്നും പറയണം." (ഞാൻ കഥാകാരനായ കഥ)

അമ്മയുടെ ഈ ഓർമ്മപ്പെടുത്തൽ സ്വന്തം മകനോടു മാത്രമല്ല എല്ലാ മക്കളോടും കൂടിയാണ് എന്നു നിങ്ങൾ കരുതുന്നുണ്ടോ?

പാഠസന്ദർഭങ്ങളും ആനുകാലിക കേരളത്തിലെ സംഭവങ്ങളും പരിഗണിച്ച് പ്രതികരണക്കുറിപ്പ് തയാറാക്കുക.

**Hint:**

- പാഠസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- ആനുകാലിക കേരളത്തിന്റെ അവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- സംഭവങ്ങൾ ഉദാഹരിച്ചിട്ടുണ്ട്. (1)
- ക്രമപ്പെടുത്തി പ്രതികരണം തയാറാക്കിയിട്ടുണ്ട്. (2)

**Chapter Name:**വാക്കുകൾ സർഗ്ഗതാളങ്ങൾ - ഞാൻ കഥാകാരനായ കഥ *Marks :(4)*

**Quest:**

പക്ഷേ, എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ അന്ത്യകാലത്തെ കുറഞ്ഞൊന്ന് ആശ്വസിപ്പിക്കാനും പ്രേമാന്ധനായി വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ഒരു ചിത്രം വരച്ചുകാണിച്ച് മനസ്സിളക്കിത്തീർക്കാനും ഒരിക്കൽ എനിക്കു സാധിച്ചിട്ടുണ്ട് എന്നു ഞാൻ അഭിമാനത്തോടെ വിശ്വസിക്കുന്നു. (ഞാൻ കഥാകാരനായ കഥ)

എഴുത്തുകാരന്റെ സർഗത്മകതയെക്കുറിച്ചുള്ള എന്തെല്ലാം സൂചനകൾ ഈ അനുഭവസാക്ഷ്യത്തിൽ പ്രകടമാവുന്നുണ്ട്? വിശകലനം ചെയ്തു കുറിപ്പ് തയാറാക്കുക.

**Hint:**

- സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- സർഗാത്മകതയുടെ തലങ്ങൾ തിരിച്ചറിഞ്ഞിട്ടിട്ടുണ്ട് (2)
- നിരീക്ഷണം യുക്തിസഹമായി അവതരിപ്പിച്ചിട്ടുണ്ട് (1)

സമഗ്ര ചോദ്യോത്തരങ്ങൾ

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-AT

**Chapter:**

വാക്കുകൾ സർഗ്ഗതാളങ്ങൾ - അശ്വമേധം

**Subtitle:**

Select

**Chapter Name:**വാക്കുകൾ സർഗ്ഗതാളങ്ങൾ - അശ്വമേധം *Marks :(4)*

**Quest:**

'ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ

മായുകില്ലെന്റെ ചൈതന്യവീചികൾ

ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ

പച്ചമണ്ണിൻ മനുഷ്യത്വമാണ ഞാൻ' (അശ്വമേധം)

വരികളിൽ പ്രകടമാവുന്ന കവിയുടെ ജീവിതകാഴ്ചപ്പാട് വിശകലനം ചെയ്ത കുറിപ്പ് തയാറാക്കുക.

**Hint:**

- പ്രസ്താവനയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- - വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)
- - കവിതയുമായി ബന്ധപ്പെടുത്തി പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (2)

**Chapter Name:**വാക്കുകൾ സർഗ്ഗതാളങ്ങൾ - അശ്വമേധം *Marks :(1)*

**Quest:**

മണ്ണിൽ നിന്നു പിറന്നവർ മണ്ണിനെ-

പ്പൊന്നണിയിച്ച **സംസ്കാരശില്പികൾ**

അടിവരയിട്ട പ്രയോഗത്തിൽ സൂചിപ്പിക്കുന്നതാരെയാണ്?

(യാഗാശ്വം, കവി, തൊഴിലാളി, രാജാവ്)

**Hint:**

ശരിയുത്തരം കണ്ടെത്തിയെഴുതിയിട്ടുണ്ട്. (1)

**Chapter Name:**വാക്കുകൾ സർഗ്ഗതാളങ്ങൾ - അശ്വമേധം *Marks :(6)*

**Quest:**

കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു

കാടിനുള്ളിൽവച്ചെൻ പ്രപിതാമഹർ

കണ്ടതാണീക്കുതിരയെക്കാട്ടുപുൽ-

ത്തണ്ടു നൽകി വളർത്തി മുത്തശ്ശിമാർ

കാട്ടുചോലകൾ പാടിയ പാട്ടുക-

ളേറ്റുപാടിപ്പഠിച്ച മുത്തശ്ശിമാർ!

(വയലാർ)

ജനിച്ചതു കാട്ടിലായിരുന്നു

ഒരു നായാടിയുടെ വായിൽ

വളർന്നതു മുക്കുവത്തിയുടെ കുടിലിലും

എങ്കിലും പാട്ടല്ലാതെ ഒരു തൊഴിലും അറിയില്ല

കുറേ കാലം പാട്ടുപാടി കൊട്ടാരങ്ങളിൽ കഴിഞ്ഞു

അന്നു വെളുത്തുകൊഴുത്തിരുന്നു.

ഇപ്പോൾ തെരുവിലാണ് അരവയറിൽ.

(സച്ചിദാനന്ദൻ)

കവിതാഭാഗങ്ങളിൽ തെളിയുന്ന കാവ്യപാരമ്പര്യത്തെക്കുറിച്ചുള്ള നിലപാടുകൾ താരതമ്യം ചെയ്തു കുറിപ്പു തയാറാക്കുക.

**Hint:**

- രണ്ടു കവിതാഭാഗങ്ങളുടെയും ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- അവയിലെ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- സ്വന്തം നിരീക്ഷണങ്ങൾ സമർഥിച്ചിട്ടുണ്ട് (1)
- ആശയവ്യക്തതയോടെ ആവിഷ്കരിച്ചിട്ടുണ്ട് 1

**Chapter Name:**വാക്കുകൾ സർഗ്ഗതാളങ്ങൾ - അശ്വമേധം *Marks :(6)*

**Quest:**

- ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ

  പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ

- സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ

  സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും

തന്നിരിക്കുന്ന സൂചനകളും അശ്വമേധം എന്ന കവിതയിലെ ആശയവും പ്രയോജന പ്പെടുത്തി 'വയലാർ- മനുഷ്യപക്ഷത്തു നിൽക്കുന്ന കവി' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം തയാറാക്കുക.

**Hint:**

- കവിതാഭാഗങ്ങളുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- $ കവിതയിൽനിന്നും കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)

- വിഷയവുമായി ബന്ധപ്പെടുത്തി ആശയങ്ങൾ ക്രമീകരിച്ച് പ്രഭാഷണം തയാറാ ക്കിയിട്ടുണ്ട്. (2)

**Chapter Name:**വാക്കുകൾ സർഗ്ഗതാളങ്ങൾ - അശ്വമേധം *Marks :(6)*

**Quest:**

പണ്ടു ദൈവം കടിഞ്ഞാണമായ് വന്നു

കൊണ്ടുപോയീ സവാരിക്കിറങ്ങുവാൻ

പിന്നെ രാജകീയോന്മത്തസേനകൾ

വന്നു നിന്നു പടപ്പാളയങ്ങളിൽ!

ആഗമതത്ത്വവേദികൾ വന്നപോൽ

യോഗദണ്ഡിലിതിനെ തളയ്ക്കുവാൻ

മാനവചരിത്രത്തിൽ മനുഷ്യന്റെ സർഗശക്തിയെ പിടിച്ചുകെട്ടാനുള്ള എന്തെല്ലാം ശ്രമങ്ങളാണ് കവിതാഭാഗത്തു കാണാൻ കഴിയുന്നത്? കവിതാഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

- പ്രസ്താവനയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- കാവ്യഭാഗത്തുനിന്ന് തെളിവുകൾ കണ്ടെത്തിയിട്ടുണ്ട് (2)
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് 1
- യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (1)
- ആശയവ്യക്തതയോടെ ആവിഷ്കരിച്ചിട്ടുണ്ട് 1

സമഗ്ര ചോദ്യോത്തരങ്ങൾ

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-AT

**Chapter:**

കലകൾ കാവ്യങ്ങൾ - ചിത്രകലയും കാവ്യകലയും

**Subtitle:**

Select

**Chapter Name:**കലകൾ കാവ്യങ്ങൾ - ചിത്രകലയും കാവ്യകലയും *Marks :(4)*

### Quest:

കവിതയുടെ സ്വകീയമണ്ഡലത്തിൽ ചിത്രകലയ്ക്ക് അതിനോട് കിടപിടിക്കുവാൻ സാധിക്കുന്നതല്ല.

എം.പി. പോളിന്റെ ഈ നിരീക്ഷണത്തെ സാധൂകരിക്കുന്ന രണ്ടു വസ്തുതകൾ എഴുതുക

### Hint:

- പാഠാശയം തിരിച്ചറിഞ്ഞിട്ടുണ്ട് 1
- നിരീക്ഷണത്തിന്റെ യുക്തി കണ്ടെത്തിയിട്ടുണ്ട് 2
- കണ്ടെത്തലുകൾ അവതരിപ്പിച്ചിട്ടുണ്ട് 1

**Chapter Name:**കലകൾ കാവ്യങ്ങൾ - ചിത്രകലയും കാവ്യകലയും *Marks :(1)*

### Quest:

ഏതു കലയ്ക്കാണ് ഉൽക്കർഷമെന്നുള്ള വിതണ്ഡവാദത്തിൽ പ്രവേശിക്കുന്നതിനെക്കാൾ നല്ലത് ഉപകരണവൈജാത്യത്താൽ ഓരോ കലയ്ക്കും സിദ്ധമാകുന്ന ഗുണവിശേഷമെന്താണെന്ന് അന്വേഷിക്കുകയാകുന്നു.

വിതണ്ഡവാദം എന്ന പദം വിഗ്രഹിക്കുമ്പോൾ

- വിതണ്ഡവും വാദവും
- വിതണ്ഡത്തിന്റെ വാദം
- വിതണ്ഡമായ വാദം
- വിതണ്ഡത്തിനുള്ള വാദം

### Hint:

ഉചിതമായ ഉത്തരം കണ്ടെത്തിയിട്ടുണ്ട്.

**Chapter Name:**കലകൾ കാവ്യങ്ങൾ - ചിത്രകലയും കാവ്യകലയും *Marks :(2)*

**Quest:**

ചിത്രകലയെ അപലപിക്കുന്നവർ പ്രകൃതിയെയാണ് അപലപിക്കുന്നത് എന്ന് ലിയോണാർഡോ ഡാവിഞ്ചി നിരീക്ഷിച്ചതിന്റെ പൊരുൾ കണ്ടെത്തുക.

**Hint:**

- നിരീക്ഷണത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. 1
- പൊരുൾ കണ്ടെത്തിയിട്ടുണ്ട് 1

**Chapter Name:**കലകൾ കാവ്യങ്ങൾ - ചിത്രകലയും കാവ്യകലയും *Marks :(4)*

**Quest:**

"കവികൾക്ക് ലോകമെമ്പാടും

ഒരു ഭാഷയേയുള്ളൂ" (കവികളുടെ ഭാഷ- സച്ചിദാനന്ദൻ

"കാവ്യം ഏതെങ്കിലുമൊരു ഭാഷയിൽ കുടുങ്ങിക്കിടക്കുന്നതുകൊണ്ട് ആ ഭാഷ സംസാരിക്കുന്ന ആളുകൾക്കു മാത്രമേ അത് പ്രയോജനപ്പെടുകയുള്ളൂ. എന്നാൽ ചിത്രകാരന്റെ ഭാഷ സാർവജനീനമാണ്." (ചിത്രകലയും കാവ്യകലയും - എം.പി.പോൾ)

- കലയെകുറിച്ചുള്ള സച്ചിദാനന്ദന്റെയും എം.പി.പോളിന്റെയും സമീപനങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

നിരീക്ഷണങ്ങളിലെ ആശയം ഗ്രഹിച്ചിട്ടുണ്ട് (1 )

വിശകലനം ചെയ്തിട്ടുണ്ട്. (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:**കലകൾ കാവ്യങ്ങൾ - ചിത്രകലയും കാവ്യകലയും *Marks :(1)*

**Quest:**

"പ്രകൃതിയുടെ പുത്രി അഥവാ പൗത്രി" എന്ന് എം.പി.പോൾ വിശേഷിപ്പിക്കുന്നത് ?

- ചിത്രകല

- ശില്പകല

- കാവ്യകല

- നൃത്തകല

**Hint:**

ശരിയുത്തരം കണ്ടെത്തിയിട്ടുണ്ട്.

**Chapter Name:**കലകൾ കാവ്യങ്ങൾ - ചിത്രകലയും കാവ്യകലയും *Marks :(4)*

**Quest:**

കവിക്ക് കാലപാരതന്ത്ര്യം ഇല്ലാത്തതുകൊണ്ട്, ഒരു കഥ ആദ്യം മുതൽ അവസാനം വരെ കാലക്രമത്തിലോ മറിച്ചോ പ്രതിപാദിക്കുവാൻ അയാൾക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. (എം.പി.പോൾ)

ലേഖകൻെറ ഈ നിരീക്ഷണം ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയ്ക്ക് എത്രത്തോളം യോജിക്കുന്നു? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

കഥയുടെ രചനാസവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)

പ്രസ്താവനയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. (1)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (1)

**Chapter Name:**കലകൾ കാവ്യങ്ങൾ - ചിത്രകലയും കാവ്യകലയും *Marks :(6)*

**Quest:**

"ചലനമാണ് കവിതയുടെ ജീവൻ." (എം.പി.പോൾ)

ഈ പ്രസ്താവന മൈക്കലാഞ്ജലോ മാപ്പ് എന്ന കവിതയ്ക്ക് എത്രത്തോളം യോജിക്കുന്നു കണ്ടെത്തി നിരൂപണം തയാറാക്കുക.

**Hint:**

കവിതയുടെ ആഖ്യാനസവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)

പ്രസ്താവനയുമായി ബന്ധിപ്പിച്ചിട്ടുണ്ട് (1)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (2)

ആശയ വ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട് (1)

**Chapter Name:**കലകൾ കാവ്യങ്ങൾ - ചിത്രകലയും കാവ്യകലയും *Marks :(6)*

**Quest:**

'എന്നാൽ കവിതയുടെ സങ്കല്പലോകത്തിൽ ഈ വക പൊരുത്തക്കേടുകളൊന്നുമില്ല. സ്ഥൂലവും സൂക്ഷ്മവും ദൃശ്യവും അദൃശ്യവും മാനുഷികവും അതിമാനുഷികവും കാവ്യലോകത്തിൽ പരസ്പരസ്പർധ കൂടാതെ ഒന്നുചേർന്നു വിഹരിക്കുന്നു. ചിത്രകാരന് ആ ലോകത്തിൽ എത്തിനോക്കാൻ പോലും'

എം.പി. പോളിന്റെ ഈ അഭിപ്രായത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തു കൊണ്ട്? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

**Hint:**

- പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (2)
- നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. (2)
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. (2)

**Chapter Name:**കലകൾ കാവ്യങ്ങൾ - ചിത്രകലയും കാവ്യകലയും *Marks :(4)*

**Quest:**

ചിന്നിത്തെറിക്കും നറുമുത്തുപോലെ,

നീളുന്നവെള്ളിത്തെളിനൂലു പോലെ,

ആകാശഗംഗാപ്രസരങ്ങൾ പോലെ-

യാഹാ! പതിപ്പൂ പുതുവർഷതോയം!

(വർഷാഗമം - വൈലോപ്പിള്ളി)

ദൃശ്യലോകത്തിന്റെ പരിമിതികൾക്കുള്ളിൽ ഒതുങ്ങിക്കിടക്കുന്ന ചിത്രകാരന് കവിയുടെ ഭാവനാലോകത്തിൽ പ്രവേശിക്കുക സാധ്യമല്ല (കാവ്യദർശനം - എം.പി. പോൾ)

കവിതാഭാഗവുമായി ബന്ധപ്പെടുത്തി പ്രസ്താവന വിലയിരുത്തുക

**Hint:**

- കാവ്യഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (2)
- പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (1)
- നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (1)

**Chapter Name:കലകൾ കാവ്യങ്ങൾ - ചിത്രകലയും കാവ്യകലയും** *Marks :(4)*

**Quest:**

"ചിത്രകലയ്ക്കുള്ള സാർവത്രികത്വം യാതൊരു ഭാഷയ്ക്കും ലോകത്തിൽ കൈവന്നിട്ടില്ല."

ലേഖകന്റെ ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക

**Hint:**

- പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട് (1)
- ചിത്രകലയുടെ സവിശേഷതകൾ വിശകലനം ചെയ്തിട്ടുണ്ട്. (2)
- നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. (1)

**സമഗ്ര ചോദ്യോത്തരങ്ങൾ**

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-AT

**Chapter:**

കലകൾ കാവ്യങ്ങൾ - മൈക്കലാഞ്ജലോ മാപ്പ്

**Subtitle:**

Select

**Chapter Name:കലകൾ കാവ്യങ്ങൾ - മൈക്കലാഞ്ജലോ മാപ്പ്** *Marks :(4)*

### Quest:

നിന്നൊടൊത്തുണർന്നു ഞാൻ

നിന്നൊടൊത്തുറങ്ങി ഞാൻ

നിന്നൊടൊത്തനശ്വരനായി ഞാൻ

ശില്പം ആസ്വദിക്കുന്ന കവിയിൽ ഉണർന്ന ഈ ചിന്തകൾ നൽകുന്ന സൂചനകൾ

കണ്ടെത്തി എഴുതുക

### Hint:

- കവിതയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട് 1
- വരികൾ വിശകലനം ചെയ്തിട്ടുണ്ട് 2
- നിരീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട് 1

**Chapter Name:കലകൾ കാവ്യങ്ങൾ - മൈക്കലാഞ്ജലോ മാപ്പ്** *Marks :(4)*

### Quest:

......കുളുർ വെണ്ണക്കല്ലിനുമീതെ

നിന്റെ ചുറ്റികയൊരു കരിവണ്ടുപോൽ

ചുറ്റിപ്പറന്നുളിതൻ നിറുകയിൽ

ചുംബിക്കും ഹർഷോന്മാദസീൽക്കാരം..."

കേൾക്കുന്നു ഞാൻ !

ഈ വരികളിലെ കാവ്യഭംഗി കണ്ടെത്തി എഴുതുക.

**Hint:**

ആസ്വാദനംശങ്ങൾ കണ്ടെത്തിയിട്ടുണ്ട് (2)

വിശകലനം ചെയ്ത് അവതരിപ്പിച്ചിട്ടുണ്ട് (2)

**Chapter Name:** കലകൾ കാവ്യങ്ങൾ - മൈക്കലാഞ്ജലോ മാപ്പ് *Marks :(1)*

**Quest:**

നിൻ കൈകൾ ചലിപ്പതു

കാണ്മൂ ഞാനതിൻ സർഗ-

മംഗലഗാനം കേട്ടു-

നിൽപ്പൂ ഞാൻ നിർനിദ്രമാം

നിന്റെ രാവുകൾ, വിയർ-

ത്തുരുകും പകലുകൾ

പങ്കിടുന്നു ഞാൻ

ഈ വരികളിൽ വ്യക്തമാകുന്നത് എന്ത്?

- കലയിലെ ആത്മസമർപ്പണം
- - ഉറക്കമില്ലാത്ത അവസ്ഥ
- - അധ്വാനത്തിന്റെ മഹത്വം
- - മംഗലഗാനം കേൾക്കുവാനുള്ള കൊതി

**Hint:**

ശരി ഉത്തരം കണ്ടെത്തിയിട്ടുണ്ട്.

**Chapter Name:** കലകൾ കാവ്യങ്ങൾ - മൈക്കലാഞ്ജലോ മാപ്പ് *Marks :(4)*

**Quest:**

വൃദ്ധനായസ്വസ്ഥനായ്

ഒന്നുറങ്ങുവാൻപോലും

ദ്രുഗ്ഗുകൾ തേടിപ്പോകു-

മീ ശതാബ്ദത്തിൻ

ഭ്രാന്തജല്പനം കേട്ടേൻ

സമൂഹത്തെക്കുറിച്ചുള്ള കവിയുടെ ഈ വ്യാകുലത ഇന്നത്തെ കേരളീയ സമൂഹത്തിൽ എത്രമാത്രം പ്രസക്തമാണ്? പ്രതികരണക്കുറിപ്പ് തയാറാക്കുക.

**Hint:**

വരികൾ വിശകലനം ചെയ്തിട്ടുണ്ട് (2)

നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (2)

**Chapter Name:** കലകൾ കാവ്യങ്ങൾ - മൈക്കലാഞ്ജലോ മാപ്പ്

**Quest:**

"ഒരു വെൺലില്ലിപ്പൂവിൽ

ശോണരേഖകൾ പോലെ,

തിരുശോണിതം വാർന്ന

പാടുകളുടലാകെ!"

വരികളിലെ കാവ്യപരമായ സവിശേഷത വിശകലനം ചെയ്തു കുറിപ്പ് തയാറാക്കുക

**Hint:**

- വരികൾ വിശകലനം ചെയ്തിട്ടുണ്ട് (1)
- കാവ്യപരമായ സവിശേഷത തിരിച്ചറിഞ്ഞിട്ടുണ്ട് (1)
- കാവ്യപരമായ സവിശേഷത വിശകലനം ചെയ്തിട്ടുണ്ട് (2)

**Chapter Name:** കലകൾ കാവ്യങ്ങൾ - മൈക്കലാഞ്ജലോ മാപ്പ് *Marks :(4)*

**Quest:**

"ഇന്നലെ വെറും ജഡ-

ശിലയായിരുന്നതിൽ

നിന്നു നീ കരുണതൻ

ഭാവഗാനത്തെ തൊട്ടു-

ത്തൊട്ടുണർത്തവേ, നിന്നോ-

ടൊത്തുണർന്നു ഞാൻ, നിന്നോ-

ടൊത്തുറങ്ങി ഞാൻ, നിന്നോ-

ടൊത്തരനശ്വരനായി ഞാൻ'

' നിന്നോടൊത്തരനശ്വരനായി ഞാൻ' എന്നു കവി പാടുന്നതിന്റെ ഔചിത്യം പരിശോധിക്കുക.

**Hint:**

- സന്ദർഭത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- കവിയുടെ നിലപാട് വിശകലനം ചെയ്തിട്ടുണ്ട്. (2)
- കണ്ടെത്തലുകൾ അവതരിപ്പിച്ചിട്ടുണ്ട് (1)

**Chapter Name:** കലകൾ കാവ്യങ്ങൾ - മൈക്കലാഞ്ജലോ മാപ്പ് *Marks :(4)*

**Quest:**

മാപ്പുനൽകുകെൻ പ്രിയ-

മൈക്കലാഞ്ചലോ, മാപ്പ്,

മാപ്പി, വർ ചെയ്യുന്നതെ-

ന്തെന്നിവരറിവീല!......

ഈ വരികളിൽക്കൂടി കവി നൽകുന്ന സന്ദേശമെന്താണ്?

കവിതാഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *Marks :(4)*

**Hint:**

- കവിതാഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (1)
- കവിയുടെ നിലപാട് കണ്ടെത്തിയിട്ടുണ്ട് (2)
- നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:കലകൾ കാവ്യങ്ങൾ - മൈക്കലാഞ്ജലോ മാപ്പ്** *Marks :(4)*

**Quest:**

പാഴ്ച്ചിപ്പിയുടെ മൂക-

സങ്കടം പോലേയമ്മ-

യിരിപ്പൂ; കരയുവാൻ

കണ്ണുനീരില്ലാ, ഉരി-

യാടുവാൻ വാക്കില്ലാതെ

കത്താതെ, യുരുകാതെ,

വിങ്ങുമുൾത്താപം പോലെ!...

"നിശ്ചലാവസ്ഥ ചിത്രീകരിക്കാൻ വർണ്ണങ്ങൾക്കും രേഖകൾക്കുമാണ്

കൂടുതൽ കഴിവുള്ളത്. " (എം.പി. പോൾ)

കാവ്യഭാഗം വിശകലനം ചെയ്ത് ലേഖകന്റെ അഭിപ്രായത്തോടുള്ള പ്രതികരണം

തയാറാക്കുക

**Hint:**

- കാവ്യഭാഗം വിശകലനം ചെയ്തിട്ടുണ്ട് (1)
- പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (1)
- നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)

**Chapter Name:കലകൾ കാവ്യങ്ങൾ - മൈക്കലാഞ്ജലോ മാപ്പ്** *Marks :(4)*

**Quest:**

ഒടുവിൽ കുരിശിൽനി

ന്നിറക്കീ ജഡം! - താഴെ

**യൊരു ദുഃഖത്തിൻ സൂര്യ-**

**ശിലയായ്ത്തീർന്നൊരമ്മ**

അടിവരയിട്ട വരികൾ കാവ്യസന്ദർഭത്തിനു നൽകുന്ന ഭാവഭംഗി വിശകലനം ചെയ്തു

കുറിപ്പ് തയാറാക്കുക

**Hint:**

- സന്ദർഭം കണ്ടെത്തിയിട്ടുണ്ട്1)

- വിശകലനം ചെയ്തിട്ടുണ്ട്. (1)
- ഭാവഭംഗി കണ്ടെത്തിയിട്ടുണ്ട്. (2)